# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ജൂലൈ 18 | ദീപം 57 | നാളം 19 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ആൾക്കൂട്ടദുരന്തങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ




ഡിജോ കാപ്പൻ


> ജനക്കൂട്ടങ്ങൾ ഉണ്ടാകുന്ന എല്ലാവിധ ചടങ്ങുകൾക്കും സുരക്ഷാസംവിധാനങ്ങൾ കുറ്റമറ്റതാക്കാൻ അധികൃതർ തയ്യാറാവണം. കൂടുതൽ അനുയായികൾ ഉണ്ടായാൽ ആൾദൈവങ്ങളായി മാറുകയും അവർക്കു നിയമങ്ങൾ ഒന്നും ബാധകമല്ലെന്ന നിലപാടിലേക്ക് അധികൃതർ എത്തുകയും ചെയ്യുന്നതാണു കണ്ടുവരുന്നത്. വിശ്വാസങ്ങളുടെ പേരിലാകുമ്പോൾ എന്തിനോടും കണ്ണടയ്ക്കുന്ന സമീപനം അന്ധവിശ്വാസങ്ങളെയും ആൾദൈവങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലേക്കു മാറും.

ഉത്തർപ്രദേശിലെ ഹത്രാസിലെ പുൽറയി മുഗൾഗഡിഗ്രാമത്തിൽ ജൂലൈ രണ്ടാം തീയതി ചൊവ്വാഴ്ച പ്രാർഥനായോഗത്തിനിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് 121 പേർ മരിക്കുകയും നിരവധി ആളുകൾക്കു പരിക്കുപറ്റുകയും ചെയ്തു. ഇതിൽ 89 പേർ ഹത്രാസ് സ്വദേശികളാണ്. എൺപതിനായിരം പേർക്ക് പങ്കെടുക്കാൻ അനുമതി ലഭിച്ചിരുന്നിടത്താണ് രണ്ടുലക്ഷത്തിലേറെപ്പേർ തിങ്ങിക്കൂടിയത്. കസൻഗഞ്ച് ജില്ലയിലെ ബഹാദൂർനഗർ സ്വദേശിയായ നാരായൺ സകർ വിശ്വഹരി ഭോലെബാബയുടെ അനുയായികളാണ് പ്രാർഥനയ്ക്കായി എത്തിയത്. മരിച്ചവരുടെ കുടുംബങ്ങൾക്കു രണ്ടുലക്ഷം രൂപയും പരിക്കേറ്റവർക്ക് 50000 രൂപയും അടിയന്തരസഹായം യു.പി. സർക്കാർ പ്രഖ്യാപിച്ചു. പ്രധാനമന്ത്രി രണ്ടുലക്ഷം രൂപവീതവും വാഗ്ദാനം ചെയ്തിട്ടുണ്ട്. പതിവിൻപടി മുഖ്യമന്ത്രി സംഭവത്തെക്കുറിച്ചു ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചു. പ്രാർഥനായോഗത്തിന്റെ മുഖ്യസംഘാടകനായ ദേബ് പ്രകാശ് മധുകർ പൊലീസിൽ കീഴടങ്ങിയെങ്കിലും ഭോലെബാബയെ കേസിൽ പ്രതിചേർക്കുകപോലും ഉണ്ടായില്ലെന്നതു വലിയ ചർച്ചകൾക്കും വിമർശനങ്ങൾക്കും ഇടയാക്കിയിട്ടുണ്ട്.

സംഘാടകപിഴവും യോഗസ്ഥലത്തിന്റെ വിസ്തൃതിക്കുറവും കാലാവസ്ഥയ്ക്ക് അനുയോജ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതും അഗ്നിശമനസജ്ജീകരണങ്ങളുൾപ്പെടെയുള്ള സുരക്ഷാസംവിധാനങ്ങളുടെ അപര്യാപ്തതയുമാണ് ദുരന്തത്തിനു കാരണമായത്. ഇത്രയധികം ആളുകൾ പങ്കെടുത്ത പരിപാടി കഴിഞ്ഞ് തിരിച്ചു പുറത്തേക്കിറങ്ങിപ്പോകുന്നതിനു വേണ്ടത്ര വഴികൾ ഉണ്ടായിരുന്നില്ല. ചടങ്ങ് അവസാനിച്ചയുടൻ പങ്കെടുത്ത എല്ലാവരും കൂട്ടത്തോടെ പുറത്തേക്കിറങ്ങാൻ ശ്രമിച്ചതോടെ തിക്കും തിരക്കും വർധിച്ചു. ബാബ ഇറങ്ങിപ്പോകുന്ന വഴിയിൽ അദ്ദേഹത്തെ തൊട്ട് അനുഗ്രഹം തേടാൻ ശ്രമിച്ചവരെ അദ്ദേഹത്തിന്റെ സുരക്ഷാ ഉദ്യോഗസ്ഥർ തള്ളിമാറ്റിയതു പലരും നിലത്തുവീഴാൻ കാരണമായി. ബാബയുടെ പാദസ്പർശം ഉണ്ടായ സ്ഥലത്തെ മണ്ണു ശേഖരിച്ച് വീട്ടിൽ എത്തിച്ചാൽ കുടുംബത്തിൽ അഭിവൃദ്ധിയുണ്ടാകുമെന്ന അന്ധവിശ്വാസം പൂണ്ട ആളുകൾ തിക്കിലും തിരക്കിലും നിലത്തുവീണതും മരണസംഖ്യ ഉയരാൻ കാരണമായി. സമ്മേളനസ്ഥലത്തിന്റെ ചെരിവും വയലിലെ ചെളിയും കാരണം തെന്നിവീണവർക്ക് എഴുന്നേല്ക്കാൻ കഴിയാതെവന്നതും നിലത്തുവീണുകിടന്നവരുടെ മുകളിലേക്കു കൂടുതലാളുകൾ വന്നു പതിച്ചതും ദുരന്തത്തിന്റെ തീവ്രത കൂട്ടി. എണ്ണത്തിൽ കുറവായിരുന്ന പൊലീസിനു ഭക്തരെ നിയന്ത്രിക്കാനാകാതെ നിസ്സഹായരാകേണ്ടിയും വന്നു.

മുത്തശ്ശിമാരെമുതൽ കൊച്ചുകുട്ടികളെവരെ മോർച്ചറിയിൽ കിടത്തിയിരിക്കുന്നത് ആരുടെയും കണ്ണുനിറയ്ക്കുന്നതാണ്. ദുരന്തസ്ഥലത്ത് സംഗീതോപകരണങ്ങൾ, ചെരുപ്പ്, ബാഗ്, കുടകൾ, വെള്ളക്കുപ്പികൾ, ഭക്ഷണപ്പൊതികൾ തുടങ്ങിയവ ചിതറിക്കിടക്കുന്നു. ബാബയുടെ ആശീർവാദത്തിനായി കൊണ്ടുവന്നിരുന്ന വിവാഹക്ഷണക്കത്തുകളും അക്കൂട്ടത്തിലുണ്ടായിരുന്നു. പരിക്കേറ്റവർക്കുവേണ്ട വൈദ്യസഹായം നൽകാൻ സംഘാടകർ തയ്യാറായില്ലെന്ന ആക്ഷേപവും കേൾക്കുന്നുണ്ട്. നാട്ടുകാരിൽ ഭൂരിപക്ഷവും ബാബയുടെ അനുയായികൾ അല്ലാതിരുന്നതും രക്ഷാപ്രവർത്തനങ്ങൾക്കു വേഗം കുറയാൻ ഇടയാക്കി.

ഹത്രാസിൽ ഉണ്ടായതുപോലുള്ള അപകടങ്ങൾ ആവർത്തിക്കാതിരിക്കണമെങ്കിൽ ജനക്കൂട്ടങ്ങൾ ഉണ്ടാകുന്ന എല്ലാവിധ ചടങ്ങുകൾക്കും സുരക്ഷാസംവിധാനങ്ങൾ കുറ്റമറ്റതാക്കാൻ അധികൃതർ തയ്യാറാവണം. കൂടുതൽ അനുയായികൾ ഉണ്ടായാൽ ആൾദൈവങ്ങളായി മാറുകയും അവർക്കു നിയമങ്ങൾ ഒന്നും ബാധകമല്ലെന്ന നിലപാടിലേക്ക് അധികൃതർ എത്തുകയും ചെയ്യുന്നതാണു കണ്ടുവരുന്നത്. വിശ്വാസങ്ങളുടെ പേരിലാകുമ്പോൾ എന്തിനോടും കണ്ണടയ്ക്കുന്ന സമീപനം അന്ധവിശ്വാസങ്ങളെയും ആൾദൈവങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന തരത്തിലേക്കു മാറും.

പൊലീസിൽ പതിനെട്ടുവർഷം കോൺസ്റ്റബിളായിരുന്ന സൂരജ്പാൽ 1990 ൽ സേനയിൽനിന്നു സ്വയം വിരമിച്ചശേഷം ഭോലെബാബ എന്ന ആൾദൈവത്തിന്റെ സ്ഥാനത്തേക്ക് ഉയരുകയാണുണ്ടായത്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, ഉത്തരാഖണ്ഡ്, ഹരിയാന, രാജസ്ഥാൻ, ഡൽഹി എന്നിവിടങ്ങളിൽ ലക്ഷക്കണക്കിനു ഭക്തരുണ്ട് ഇദ്ദേഹത്തിന്. ഈ സംഖ്യാബലമാണ് സംഘാടകരായ ചിലരെമാത്രം പ്രതിയാക്കി കേസ് എടുക്കുകയും മുഖ്യ ഉത്തരവാദിയായ ഭോലാ ബാബയുടെ പേരിൽ കേസ് എടുക്കാതിരിക്കുകയും ചെയ്യുന്നത്.


▶12

# ജീവിതം സേവനോത്സവമാക്കിയ ജനനായകൻ



ഡോ. ജോർജ് ഓണക്കൂർ

**കേ**രളരാഷ്ട്രീയത്തിലെ അപൂർവവിസ്മയമായിരുന്നു ഉമ്മൻ ചാണ്ടി. പ്രായഭേദമോ വർണചിന്തയോ രാഷ്ട്രീയമായ ചേരിതിരിവുകളോ കൂടാതെ എല്ലാ മനുഷ്യരുടെയും മനസ്സിൽ ഇടം നേടിയ പൊതുപ്രവർത്തകൻ. ആ ജീവിതനാടകത്തിലെ ഓരോ രംഗവും ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു.

ഒരേ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളജിൽ വിദ്യാർഥികളായിരുന്നു ഞങ്ങൾ. ഉമ്മൻചാണ്ടി ബിരുദത്തിനും ഞാൻ ബിരുദാനന്തരബിരുദത്തിനും. അന്നേ നല്ല സംഘാടകൻ, വിദ്യാർഥിപ്രസ്ഥാനത്തിന്റെ നേതാവ്, ഹൃദയംഗമമായ പെരുമാറ്റംകൊണ്ട് എല്ലാവരുടെയും സ്നേഹഭാജനം. പരിചയപ്പെടുന്നവരൊക്കെ കുഞ്ഞൂഞ്ഞേ എന്നേ വിളിക്കൂ. അത് ഒരു വിളിപ്പേരുമാത്രമല്ല, നിറഞ്ഞ വാത്സല്യത്തിന്റെ ഹൃദ്യതരമായ പ്രകാശനംകൂടിയാണ്.

വലിയ ഒരനുയായിവൃന്ദത്തോടൊപ്പമല്ലാതെ ഏകനായി ഉമ്മൻചാണ്ടിയെ കാണാൻ ഇടവന്നിട്ടില്ല. ആകർഷകമായ ജനകീയപരിവേഷം എപ്പോഴും ഉണ്ടായിരുന്നു. അതു സൃഷ്ടിച്ച ചില പ്രശ്നങ്ങൾക്കും ഞാൻ സാക്ഷിയായിട്ടുണ്ട്. തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരള സർവകലാശാലാ യൂണിയൻ ചെയർമാനായിരുന്ന കാലം. സർവകലാശാലാ കലോത്സവനടത്തിപ്പു സംബന്ധിച്ച ഒരു ആലോചനായോഗം കോട്ടയം ലക്ഷ്മിനിവാസ് ഹോട്ടലിൽ ചേരുന്നു. യോഗം തുടങ്ങുന്നതിന് ഞങ്ങൾ ഉമ്മൻചാണ്ടിയെ കാത്തിരിക്കുകയാണ്. മീറ്റിംഗ് നടക്കുന്ന ഹാളിൽ പത്തുപതിനഞ്ചു പേർക്ക് ഇരിക്കാം. ഉമ്മൻചാണ്ടി പതിവുള്ള മട്ടിൽ മുഖപ്രസാദത്തോടെ കയറിവരുന്നു. പിന്നിൽ ഒരാൾക്കൂട്ടം. പത്തുനാല്പതു പേരുണ്ട്. എല്ലാവരും മുറിയിൽ കടന്നു.

തിരുവഞ്ചൂർ പറഞ്ഞു: “ഇത് ഒരു കമ്മിറ്റിമീറ്റിങ്ങാണ്. നിങ്ങളൊന്നു പുറത്തുനിൽക്ക്.’’ അനുയായികളുണ്ടോ പിൻവാങ്ങുന്നു? അവരുടെ നേതാവ് പങ്കെടുക്കുന്ന യോഗത്തിൽനിന്ന് തങ്ങളെന്തിനു മാറിനിൽക്കണം എന്ന മട്ട്. ഒടുവിൽ ഉമ്മൻചാണ്ടി അനുനയത്തിനു ശ്രമിച്ചു.

“ഇവരുംകൂടി നിൽക്കട്ടെ. എന്താ?’’

‘‘ആൾക്കൂട്ടത്തിനു നടുവിൽവച്ച് എങ്ങനെ കാര്യാലോചന നടത്തും?” തിരുവഞ്ചൂർ നിസ്സഹായത പ്രകടിപ്പിച്ചപ്പോൾ ഉമ്മൻചാണ്ടിക്ക് ഒരു മാർഗമേ ഉണ്ടായിരുന്നുള്ളൂ: എന്തു തീരുമാനമെടുത്താലും തന്റെ പിന്തുണ ഉറപ്പ്. എല്ലാ സഹായത്തിനും സന്നദ്ധം. ഒപ്പമുള്ളവരെ ഉപേക്ഷിക്കാതെ ഉമ്മൻ ചാണ്ടി ഇറങ്ങിനടക്കുന്നു. ലക്ഷ്മിനിവാസിൽനിന്ന് ആ ആൾക്കൂട്ടം നിരത്തിലേക്ക് ഒഴുകുന്നതുനോക്കി ഞാൻ നിന്നു.


ഉമ്മൻചാണ്ടിയിൽനിന്നു തികച്ചും വ്യക്തിപരമായ ഒരാനുകൂല്യം ഞാൻ സ്വീകരിച്ചിട്ടുണ്ട്. അന്ന് ആഭ്യന്തരവകുപ്പു മന്ത്രിയായിരുന്നു എന്നാണ് ഓർമ. എന്റെ ഭാര്യാസഹോദരന് സൗദി അറേബ്യയിൽ ജോലി കിട്ടുന്നു. ഗോവയിലെ ഉദ്യോഗമുപേക്ഷിച്ച് അദ്ദേഹം ഒരു പ്രഭാതത്തിൽ തിരുവനന്തപുരത്ത് എത്തുന്നു. പിറ്റേന്നുനേരം പുലരുംമുമ്പ് ബോംബെയിൽനിന്നു പറക്കണം. ഇതിനുള്ള ടിക്കറ്റ് റെഡി. പക്ഷേ, തിരുവനന്തപുരത്തുനിന്ന് ഉച്ചതിരിഞ്ഞുള്ള വിമാനത്തിൽ ബോംബെ ടിക്കറ്റില്ല. അന്ന് ഇന്ത്യൻ എയർലൈൻസ് മാത്രമേയുള്ളൂ. എത്ര മുട്ടിയിട്ടും രക്ഷാമാർഗം തുറക്കുന്നില്ല. ഒരു സീറ്റുപോലും ഒഴിവില്ല. എന്തു വഴിയെന്നു വിഷാദിച്ചിരിക്കുമ്പോഴാണ് ഉമ്മൻചാണ്ടിയെ ഇടപെടുത്തിയാൽ സംഗതി നടക്കും എന്ന കാര്യോപദേശം ലഭിച്ചത്. നേരേ സെക്രട്ടേറിയറ്റിൽ എത്തി. ബി.ഡി.ഒ. ആയിരുന്ന ബാലകൃഷ്ണനാണ് അന്നു പേഴ്സണൽ അസിസ്റ്റന്റ്. പരിചയം വച്ച് ബാലകൃഷ്ണനോട് ആവശ്യമറിയിച്ചു. മന്ത്രി മുറിയിൽ ഒരു കോൺഫറൻസിനു നടുവിലാണ്. എങ്ങനെ വിവരമറിയിച്ച് സഹായം അപേക്ഷിക്കും? ബാലകൃഷ്ണൻ ഒരു വഴി പറഞ്ഞുതന്നു. പ്രധാനവാതിലിൽ മറച്ചുവച്ച ഒരു കണ്ണാടിജാലകമുണ്ട്. ഈ മറവ് നീക്കിത്തരും. ഞാൻതന്നെ മുഖം കാണിക്കുക. ഒന്നു കണ്ടുനോക്കട്ടെ.

മന്ത്രിയുടെ കണ്ണുകൾ എന്റെ കരുണാർദ്രമായ മുഖത്തു വീണു. ഒട്ടും വൈകിയില്ല. നേരേ പുറത്തുവന്നു. ഞാൻ ക്ഷമാപണപൂർവം കാര്യം പറഞ്ഞു. മന്ത്രിതന്നെ ഫോൺ ഡയൽ ചെയ്തു. എല്ലാം ശുഭം.

ഞാനോർക്കുകയായിരുന്നു, ഇത് ഉമ്മൻചാണ്ടിമാത്രം ചെയ്യുന്ന കാര്യമാണ്. അതിനു മന്ത്രിപദമോ മറ്റു പദവിയോ ഒന്നും തടസ്സമല്ല. ഏതു സ്ഥാനവും ആ സ്വഭാവസവിശേഷതയെ യാന്ത്രികമാക്കുകയില്ല. സുതാര്യമായ വ്യക്തിത്വം. ആർക്കും തന്നാലാവതു ചെയ്തുകൊടുക്കാൻ സദാ സന്നദ്ധൻ. ജനങ്ങൾക്കിടയിൽനിന്നകന്ന് ദന്തഗോപുരവാസിയായി കഴിയുന്നതല്ല ഉമ്മൻചാണ്ടിയുടെ പ്രകൃതം.

## കേരളരാഷ്ട്രീയത്തിലെ അനന്യനും അവിസ്മരണീയനുമായ ജനപ്രിയനായകൻ ഉമ്മൻചാണ്ടി അന്തരിച്ചിട്ട് ജൂലൈ 18 ന് ഒരു വർഷം

തിരുവനന്തപുരം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ പുസ്തകോത്സവം നടക്കുന്നു. ‘പർവതങ്ങളിലെ കാറ്റ്’ എന്ന എന്റെ നോവലിന്റെ ഇംഗ്ലീഷ് പരിഭാഷ 'The Wind in the Mountains' അവിടെവച്ചു പ്രകാശനം ചെയ്യുന്നു. ഉമ്മൻചാണ്ടിയാണു പ്രകാശനകർമം നിർവഹിക്കേണ്ടത്. അദ്ദേഹം തിരക്കുപിടിച്ച് എത്തുമ്പോൾ ആരോ ചെവിയിൽ പറഞ്ഞു: ‘ഇന്ന് ഓസിയുടെ ജന്മദിനമാണ്.’ പെട്ടെന്ന് ഒരു കേക്ക് ഏർപ്പാട് ചെയ്തു. പക്ഷേ, അതു കട്ടു ചെയ്ത് ജന്മദിനം ആഘോഷിക്കാൻ ആ ജനനേതാവിനു സമയമില്ല. അദ്ദേഹം തിരക്കിട്ടു പായാൻ തുടങ്ങുമ്പോൾ ഞാൻ പിടിച്ചുനിർത്തി. “ഈ കേക്ക് കട്ടു ചെയ്തിട്ടു പോയാൽ മതി.”



“ഞാനുടനെ മടങ്ങിവരാം. ഒരത്യാവശ്യപരിപാടിയുണ്ട്. വൈകില്ല. ഉറപ്പ്.”

ഞങ്ങൾ കേക്കുമായി കാത്തിരുന്നു. കഥാപുരുഷന്റെ ഹൃദയമറിയുന്ന ആരോ പറഞ്ഞു, ‘നിഷ്ഫലമായ കാത്തിരിപ്പ്.’ പക്ഷേ,ഞാൻ ആ പഴയ സ്നേഹിതന്റെ വാക്കു വിശ്വസിച്ചു. കൃത്യം നാല്പതു മിനിട്ട് കഴിഞ്ഞപ്പോൾ ഇതാ ഉമ്മചാണ്ടി പ്രത്യക്ഷപ്പെടുന്നു. കേക്കു മുറിച്ചു. ജന്മദിനം കൊണ്ടാടി. ഒരുപക്ഷേ, അദ്ദേഹത്തിന്റെ ജീവിതത്തിൽ ഒരു ജന്മദിനാഘോഷം ആദ്യമായി സംഭവിക്കുകയായിരുന്നിരിക്കണം.

തിരുവല്ലയിൽ ഒരു സാംസ്കാരികസമ്മേളനം നടക്കുന്നു. ഉമ്മൻചാണ്ടിയാണ് മുഖ്യാതിഥി. നട്ടുച്ചനേരം. ഉദ്ഘാടനം കഴിഞ്ഞ് പതിവുപോലെ തിരക്കിട്ടു പായുമ്പോൾ ഞാൻ പറഞ്ഞു, ‘‘ഉച്ചഭക്ഷണമുണ്ട്, അതു കഴിച്ചിട്ടുപോയാൽ മതി.” പക്ഷേ, ആ ജനനേതാവിനു നിസ്സഹായത. ‘‘വേഗത്തിൽ പുറപ്പെടണം.’’ ഞാനൊരു പാഥേയമൊരുക്കി കൈയിൽ വച്ചുകൊടുത്തു. കാറിലിരുന്ന് അദ്ദേഹം അതു ഭക്ഷിച്ചതായി പി.എ. പിന്നീടു പറഞ്ഞു.

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഒരു അപകടത്തിൽപ്പെട്ട് ഉമ്മൻ ചാണ്ടി ചികിത്സയിൽ. സന്ദർശകർക്കു കർശനവിലക്ക്. വിവരമാരായാൻ എത്താതിരിക്കാനായില്ല. ഭാര്യ ബാവയോടു വിവരം തിരക്കി മടങ്ങാനൊരുങ്ങുമ്പോൾ അവരുടെ പ്രതികരണം: “ഞാൻ കയറിക്കാണുന്നുണ്ടല്ലോ. പിന്നെന്താ സാറിന്?” കഥാനായകനുമാത്രമല്ല, സഹധർമിണിക്കുമുണ്ട് സ്നേഹത്തിന്റെ ഹൃദയത്തിളക്കം.

‘ഊണും ഉറക്കവുമില്ലാതെ’ എന്നത് സേവനത്തിന്റെ പൂർണത വെളിവാക്കാൻ ഉപയോഗിക്കുന്ന ഒരു സ്ഥിരംശൈലിയാണ്. പക്ഷേ, സ്വന്തം ജീവിതത്തിൽ ഇതു യാഥാർഥ്യമാക്കിയ മറ്റൊരു നേതാവുണ്ടാകാൻ ഇടയില്ല. അതിരാവിലെ വിളിച്ചാൽ ഫോണിന്റെ മറുതലയ്ക്കൽ ഉമ്മൻ ചാണ്ടി. കുളിക്കാൻ കയറിയാൽ ഇറങ്ങിവരുന്നതും കാത്ത് കുളിമുറിയുടെ വാതിൽക്കൽ സാധാരണ പ്രവർത്തകർ കാത്തുനിൽക്കുമെന്ന് ആവർത്തിച്ചുകേൾക്കാറുള്ള സത്യകഥാകഥനം. ഉച്ചയൂണിനു മൂന്നുമണിയെങ്കിലുമാകും. പഴയ എം.എൽ.എ. ഹോസ്റ്റലിൽ ഉമ്മൻചാണ്ടിയുടെ 38–ാം നമ്പർ മുറിയിൽ ഉറങ്ങാൻ കഥാനായകൻ രാത്രി വളരെ വൈകി എത്തുമ്പോൾ സഹപ്രവർത്തകർ കട്ടിൽ കൈയടക്കിയിട്ടുണ്ടാവും. സാക്ഷാൽ എം.എൽ.എയ്ക്ക് ശയനവിധി തറയിലാണ്. ഒരു മുണ്ടു വിരിച്ച് ആരെയും ശല്യപ്പെടുത്താതെ പുതുപ്പള്ളി എം.എൽ.എ. കിടന്നുകൊള്ളുമത്രേ.


പലപ്പോഴും സാധാരണജനങ്ങൾക്ക് അപ്രാപ്യമായിരുന്നു കേരളത്തിന്റെ ഭരണസിരാകേന്ദ്രം. ജനാധിപത്യത്തിന്റെ ആന്തരാർഥം സഫലീകരിക്കാതെപോയ ധാരാളം സന്ദർഭങ്ങൾ നമ്മുടെ നാടിന്റെ ഭരണചരിത്രത്തിലുണ്ട്. ജനപ്രതിനിധികളായെത്തിയ ഭരണാധിപന്മാരെ അവർക്കു ശക്തിയും പിന്തുണയും നൽകുന്ന ജനസമൂഹത്തിൽനിന്ന് അകറ്റിനിർത്താൻ ചടുലത പോരാത്ത ബ്യൂറോക്രസി കാരണമായിട്ടുണ്ട്. അർധഭരണാധിപന്മാരായി ചമഞ്ഞ ഉദ്യോഗസ്ഥമേധാവികൾ ജനകീയപ്രശ്നങ്ങളിൽ മുഖംതിരിച്ചു നിന്നു. ഈ ഇരുമ്പുമറ ഭേദിച്ചാണ് മുഖ്യമന്ത്രിയെന്ന നിലയിൽ ഉമ്മൻ ചാണ്ടിയുടെ തുടക്കം ഏറ്റവും ആവേശകരമാക്കിയത്. നൂറു ദിവസത്തെ കർമപരിപാടി ആസൂത്രണം ചെയ്തുകൊണ്ട് ജനമധ്യത്തിലേക്ക് ഇറങ്ങിവരാൻ മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടി ആർജവം കാട്ടി. ജില്ലാതല സ്ഥാനങ്ങളിൽവച്ച് ജനങ്ങളിൽനിന്നു നേരിട്ടു പരാതികൾ സ്വീകരിക്കാനും അവിടെവച്ചുതന്നെ കഴിയുംവിധം പരിഹാരം കണ്ടെത്താനും താത്പര്യമെടുത്തു. കക്ഷിരാഷ്ട്രീയചിന്തകൾക്കതീതമായ ജനകീയ സമീപനമാണ് അദ്ദേഹം പുലർത്തിയത്.

സ്നേഹക്കുറിപ്പ്:

ഇങ്ങനെ ജീവിതം സേവനോത്സവമാക്കിയ ഒരു കർമയോഗി കേരളത്തിൽ ജീവിച്ചിരുന്നു എന്നത് അവിശ്വസനീയമായ ചരിത്രം. എവിടെ കണ്ണു നിറയുന്നോ, ഹൃദയം ഇടറുന്നോ അവിടെയൊക്കെ അദ്ദേഹം തന്നെത്തന്നെ മറന്ന് ഓടിയെത്തി. അതിന്റെ പ്രകടനമായിരുന്നു, ദുഃഖാഞ്ജലിയായിരുന്നു ആ ജനനേതാവിന്റെ വേർപാടിൽ കേരളം ദർശിച്ചത്. ജനം പുഴപോലെ ഒഴുകി. പുതുപ്പള്ളി ദുഃഖക്കടലായി മാറി. ആ അന്ത്യയാത്രയിൽ സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിലും നാലാഞ്ചിറയിലെ എന്റെ ഗ്രാമഹൃദയത്തിലുംവച്ച് അശ്രുപൂജ അർപ്പിച്ചു. പ്രിയപ്പെട്ട കൂട്ടുകാരാ, ജീവിതം മനുഷ്യസേവനത്തിനായി അർപ്പണം ചെയ്ത സഹോദരാ, താങ്കളെക്കുറിച്ചുള്ള ഓർമകൾ ജനഹൃദയങ്ങളിൽ എന്നുമെന്നും സ്പന്ദിച്ചുകൊണ്ടേയിരിക്കും.

■

# നിദ്രയിലെ നിശ്ശബ്ദമരണങ്ങൾ





ഡോ. ജോർജ് തയ്യിൽ

**ബി**സിനസുകാരനായ ശ്രീകുമാർ അന്നു പതിവിലും വൈകിയാണു വന്നത്. കടയിലെ ജോലിയെല്ലാം ചെയ്തു തീർത്തപ്പോൾ ഒമ്പതു മണി. വീട്ടിൽ വന്നു കുളിയെല്ലാം കഴിഞ്ഞ് ഭക്ഷണം കഴിച്ചപ്പോൾ പത്തുമണി. പതിവിലേറെ കഴിച്ചു. പൊരിച്ച ഇറച്ചിയും മത്സ്യവുമൊക്കെക്കൂടി കുശാലായ അത്താഴം. ഭക്ഷണത്തിനുമുമ്പ് പതിവുള്ള അളവിൽ മദ്യവും. വയറുനിറച്ചു ഭക്ഷണം കഴിച്ച് ഉറങ്ങാൻ തുടങ്ങുമ്പോൾ മണി പതിനൊന്ന്. തളർച്ചകൊണ്ടയാൾ കൂർക്കംവലിച്ച് ഗാഢനിദ്രയിലാണ്ടു. പിറ്റേന്ന് എട്ടുമണിയായിട്ടും എഴുന്നേൽക്കാതിരുന്നതുകൊണ്ട് ഭാര്യ തട്ടിവിളിച്ചു. അനക്കമില്ല. ശരീരം തണുത്തുറഞ്ഞിരിക്കുന്നു. ഞെട്ടിത്തരിച്ച ഭാര്യ അടുത്തുള്ള ഡോക്ടറെ വിളിച്ചു. ഡോക്ടർ പറഞ്ഞു. മരണം സംഭവിച്ചിട്ട് ഏതാനും മണിക്കൂറുകളായി. മരിക്കുമ്പോൾ അയാൾക്ക് 42 വയസ്സുമാത്രം.

ഇതൊരു അസാധാരണസംഭവമല്ല. നാം പലപ്പോഴും ഞെട്ടലോടെ ഇത്തരം വാർത്തകൾ കേൾക്കുന്നു. പെട്ടെന്നുള്ള മരണങ്ങളുടെ ആകെക്കണക്കെടുത്താൽ 17–41 ശതമാനം രാത്രിസമയത്തുണ്ടാകുന്നുവെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു; രാത്രി പത്തുമണിക്കും രാവിലെ ആറുമണിക്കും ഇടയ്ക്ക്. സാധാരണയായി രാത്രിസമയത്ത് ശരീരം വിശ്രമിക്കുകയാണ്. അങ്ങനെതന്നെ വേണംതാനും. കാരണം, അപ്പോഴാണ് ശരീരം നവചൈതന്യമാർജിക്കുന്നതും സമൂലമായ പുനർനിർമാണപ്രക്രിയ നടത്തുന്നതും. പകലുണ്ടായ ശാരീരിക-മാനസിക അപചയശോഷണങ്ങൾക്കുള്ള പരിഹാരപ്രക്രിയയാണ് ശാന്തമായ ഉറക്കം. ശരീരത്തിന് ആഹാരംപോലെ അനിവാര്യമായ ഒന്നാണ് ഉറക്കം. ആ സമയത്ത് ഹൃദയസ്പന്ദനവേഗവും പ്രഷറും കുറഞ്ഞിരിക്കും, ഉപാപചയപ്രവർത്തനങ്ങൾ മിതമായ തോതിലായിരിക്കും, പകൽ ഉദ്ദീപകമായ ഒന്നും തന്നെ സംഭവിച്ചില്ലെങ്കിൽ മാരകവും ക്രമരഹിതവുമായ നെഞ്ചിടിപ്പുണ്ടാകാനുള്ള സാധ്യതയും കുറവ്. അപ്പോൾ, സന്ധ്യാരംഭത്തിൽ വൈകാതെ, മിതമായി ഭക്ഷണം കഴിച്ച് പ്രക്ഷുബ്ധമല്ലാത്ത മനസ്സോടെ ശാന്തമായി നിദ്രയിലേക്കു പതിക്കുന്നൊരാൾ തികഞ്ഞ ഉന്മേഷത്തോടെ പിറ്റേന്ന് ഉറക്കമുണരുന്നു. മറിച്ചാകുന്ന അവസ്ഥകളിലെല്ലാം പ്രാണനു ഭീഷണിയാകുന്ന സങ്കീർണതകളിലേക്ക് ഒരുവൻ വലിച്ചിഴയ്ക്കപ്പെടുകയാണ്.

രാത്രിയിൽ സംഭവിക്കുന്ന മരണത്തിന്റെ കാരണങ്ങൾ തേടി ബൃഹത്തായ പഠനങ്ങൾ അധികം നടന്നിട്ടില്ലെന്നതാണു വാസ്തവം. ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള ഗവേഷണനിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ രാത്രിമരണങ്ങളുടെ കാരണങ്ങളെ ഇപ്രകാരം ക്രോഡീകരിക്കാം:

- ഹൃദയസ്തംഭനം (ഹാർട്ടറ്റാക്ക്, ക്രമംതെറ്റിയ ഹൃദയസ്പന്ദനം, ഹൃദയപരാജയം)
- മസ്തിഷ്കാഘാതം
- ശ്വാസോച്ഛ്വാസസ്തംഭനം (ഒബ്സട്രക്ടീവ് സ്ലീപ് അപ്നിയ, സി.ഒ.പി.ഡി., ആസ്ത്മ, പൾമനറി എംബോളിസം)
- പ്രമേഹരോഗം (ഹൈപ്പോഗ്ലൈസീമിയ)
- മരുന്നുകളുടെ അമിതോപയോഗം
- കാർബൺ മോണോക്സൈഡ് പോയിസണിങ്
- അപസ്മാരരോഗം

പൊതുവേ പറഞ്ഞാൽ, പെട്ടെന്നുള്ള ഹൃദ്രോഗാനന്തരമരണം കൂടുതലും സംഭവിക്കുന്നത് പുരുഷന്മാരിലാണ് (65–75 ശതമാനം), സ്ത്രീകളിൽ 25–35 ശതമാനവും.

രാത്രിയുടെ അവസാനയാമങ്ങളിൽ, അതായത്, അതിരാവിലെയാണ് ശരീരത്തിൽ സ്ട്രെസ്ഹോർമോണുകളുടെ തിരയിളക്കം. അതുകൊണ്ടുതന്നെ, അതിരാവിലെ മൂന്നിനും ആറുമണിക്കും ഇടയ്ക്കുള്ള സമയങ്ങളിൽ ഹാർട്ടറ്റാക്കും സ്ട്രോക്കും പ്രഷറും കൂടുതലാകുന്നു. അതിരാവിലെയുള്ള ഹാർട്ടറ്റാക്കിന് മരണസാധ്യത ഏറെയാണ്.

രാത്രിമുഴുവൻ ശീതീകരിച്ച മുറിയിൽ ഉറങ്ങുന്നവരാണ് അധികംപേരും. തണുത്ത അന്തരീക്ഷംമൂലം മൂത്രം അധികമായി പോകുന്നു. എന്നാൽ, അതിനനുസൃതമായി വെള്ളം ആവശ്യത്തിനു കുടിക്കാതെയുമിരുന്നാൽ നിർജലീകരണമുണ്ടാവുന്നു. ഇതുമൂലം സാന്ദ്രതകൂടി രാത്രിയിൽ രക്തം കട്ടിയാകാനുള്ള സാധ്യതയേറെയാണ്. ഇങ്ങനെയൊരു രക്തക്കട്ട ഹൃദയധമനിയിൽ ബ്ലോക്കുണ്ടാക്കിയാൽ ഹാർട്ടറ്റാക്കാണ് അനന്തരഫലം.

നിർജലീകരണവുമായി ബന്ധപ്പെട്ട് കാലിഫോർണിയയിലെ ലോമലിൻഡ യൂണിവേഴ്സിറ്റിയിൽ 20,000 ആൾക്കാരെ ഉൾപ്പെടുത്തി നടത്തിയ പഠനം പ്രസക്തമാകുന്നു. 38 നും നൂറിനുമിടയിലുള്ളവരെയാണു പഠനവിധേയമാക്കിയത്. ആവശ്യത്തിനു വെള്ളം കുടിക്കുന്നവരിൽ (8 ഗ്ലാസിൽ കൂടുതൽ), പുരുഷന്മാരിൽ 46 ശതമാനവും സ്ത്രീകളിൽ 59 ശതമാനവും എന്ന തോതിൽ ഹൃദ്രോഗസാധ്യത കുറയ്ക്കാമെന്നു പഠനം കണ്ടെത്തി. ദിവസേന അഞ്ചിൽ കൂടുതൽ ഗ്ലാസ് വെള്ളം കുടിക്കുന്നവരുമായി താരതമ്യപ്പെടുത്തിയപ്പോൾ രണ്ടിൽ കുറവ് ഗ്ലാസ് വെള്ളം കുടിച്ചവരിൽ രക്തസാന്ദ്രത വർദ്ധിച്ചുകണ്ടു. രക്തകോശങ്ങളും ഫൈബ്രിനോജനും അമിതമായി കണ്ടു. ഈ അവസ്ഥ രക്തം കട്ടിയാകാനുള്ള സാധ്യത വർധിപ്പിച്ചു.

ശരീരത്തിലെ ജലാംശം ഒരു പരിധിയിൽ കൂടുതൽ കുറഞ്ഞാൽ കാതലായ പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു. ഹാർട്ടറ്റാക്ക്, ബൗദ്ധിക-വിവേചനശക്തിയിലുള്ള അപര്യാപ്തത, ശ്രദ്ധക്കുറവ്, മൈഗ്രേൻ, കേൾവിക്കുറവും കാഴ്ചക്കുറവും, വാതരോഗം, ഗൗട്ട് തുടങ്ങിയവയെല്ലാം നിർജലീകരണംമൂലമുണ്ടാകുന്നു.

ഹൃദ്രോഗംകഴിഞ്ഞാൽ ഉറക്കത്തിലുള്ള മരണത്തിന്റെ പ്രധാന കാരണം ശ്വാസോച്ഛ്വാസസ്തംഭനമാണ് (റെസ്പിരേറ്ററി അറസ്റ്റ്). സി.ഒ.പി.ഡി.യും ആസ്ത്മയും ഒബ്സ്ട്രക്റ്റീവ് സ്ലീപ് അപ്നയും (ഒ.എസ്.എ.)മൂലം രക്തത്തിൽ പ്രാണവായുവിന്റെ അളവ് കുറയുകയും അതേത്തുടർന്ന് ഹാർട്ടറ്റാക്ക്, സ്ട്രോക്ക്, മാരകമായ ഹൃദയസ്പന്ദനവൈകല്യങ്ങൾ, അമിതരക്തസമ്മർദം തുടങ്ങിയവ ഉണ്ടാകുകയും പെട്ടെന്നുള്ള മരണത്തിനു കാരണമാകുകയും ചെയ്യുന്നു. പ്രത്യേകിച്ച് സ്ഥിരമായി കൂർക്കം വലിക്കുന്നവർ ശ്വാസംകിട്ടാതെ പെട്ടെന്ന് എഴുന്നേറ്റിരുന്ന് വെപ്രാളത്തോടെ നീട്ടി ശ്വാസം വലിച്ചെടുക്കുന്നതാണ് സ്ലീപ് അപ്നിയ. സ്ലീപ് അപ്നിയ ഉള്ളവർക്ക് ഹാർട്ടറ്റാക്ക് ഉണ്ടാകാനുള്ള സാധ്യത രണ്ടിരട്ടിയാണ്. മാത്രമല്ല, ഹൃദ്രോഗലക്ഷണങ്ങളുമായി ആശുപത്രിയിലെത്തുന്നവരിൽ 70 ശതമാനം പേർക്കും സ്ലീപ് അപ്നിയ ഉള്ളതായി പഠനങ്ങൾ തെളിയിക്കുന്നു. കൂടാതെ, ഇക്കൂട്ടരിൽ 80 ശതമാനം പേർക്ക് നിയന്ത്രിതമല്ലാത്ത രക്താതിമർദ്ദമുണ്ട്. ഹാർട്ടറ്റാക്കും സ്ട്രോക്കും അമിതരക്തസമ്മർദവും താളംതെറ്റിയുള്ള ഹൃദയമിടിപ്പും, പെട്ടെന്നു മരണമുണ്ടാകാനുള്ള സാധ്യത, പകൽസമയത്തെ തളർച്ചയും മയക്കവും, ശ്രദ്ധാദാരിദ്ര്യം, അമിതഭാരം എല്ലാം സ്ലീപ് അപ്നിയയുടെ പ്രത്യാഘാതങ്ങളാണ്. ദുർമേദസ്സോടുകൂടിയ കുറുകിയ കഴുത്തുള്ളവർക്കും ഈ പ്രതിഭാസം കൂടുതലായി കാണുന്നു. കൃത്യമായി സ്ലീപ് സ്റ്റഡി (പോളിസൊമ്നോഗ്രഫി) പരിശോധന നടത്തുകയും 'സിപാപ്' (കണ്ടിന്യൂവസ് പോസിറ്റീവ് എയർവെപ്രഷർ) എന്ന ശ്വസനസഹായി ഉപയോഗിച്ചുള്ള ചികിത്സയും അത്യന്താപേക്ഷിതമാണ്. പ്രത്യകിച്ച് രണ്ടിൽ കൂടുതൽ മരുന്നുകൾ കൊടുത്തിട്ടും നിയന്ത്രിക്കപ്പെടാത്ത രക്തസമ്മർദമുള്ളവർക്ക് സ്ലീപ് സ്റ്റഡി തീർച്ചയായും നടത്തണം. 'സിപാപ്' ഉപയോഗിച്ചാൽ കൂർക്കംവലി നിലയ്ക്കുകയും പങ്കാളിക്കു സുഖമായി ഉറങ്ങുകയും ചെയ്യാം.

സുഗമമായ ശ്വാസോച്ഛ്വാസപ്രക്രിയയെ തളർത്തുന്ന പല മരുന്നുകളും ഇന്ന് അമിതമായി ഉപയോഗിക്കപ്പെടാറുണ്ട്. വിഷാദരോഗത്തിനും അപസ്മാരത്തിനുമുള്ള മരുന്നുകൾ, വേദനസംഹാരികൾ, ഉറക്കഗുളികകൾ തുടങ്ങി മസ്തിഷ്കപ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്ന ഔഷധങ്ങളെല്ലാം പ്രത്യേകിച്ച് ഉറങ്ങുന്നതിനുമുമ്പ് അമിതമായി സേവിച്ചാൽ രാത്രിയിൽ മരണപ്പെടാനുള്ള സാധ്യതയേറുന്നു. അതുകൊണ്ട്, ഈ വിഭാഗത്തിലുള്ള മരുന്നുകൾ സേവിക്കുന്നത് ഡോക്ടറുടെ നിർദേശപ്രകാരംമാത്രം.

ഉറങ്ങുമ്പോൾ ഹാർട്ടറ്റാക്കുണ്ടാകുന്നതുപോലെ ഉറങ്ങാതിരിക്കുമ്പോഴും ഹൃദ്രോഗസാധ്യതയേറുന്നു. രാത്രിയിൽ ആവശ്യത്തിന് ഉറക്കം വരാതിരിക്കുകയും അപൂർണമായി ഉറങ്ങുകയും ചെയ്യുന്ന പ്രതിഭാസത്തെ 'ഇൻസോമ്നിയ' എന്നു വിളിക്കുന്നു. മുതിർന്നവരിൽ ഏതാണ്ട് 30 ശതമാനം പേർക്കും ആവശ്യത്തിന് ഉറക്കം കിട്ടുന്നില്ലെന്നു പഠനങ്ങൾ തെളിയിക്കുന്നു. ഉറക്കംകിട്ടാതിരിക്കുകയും കിട്ടിയ ഉറക്കം അപ്പപ്പോൾ മുറിഞ്ഞുപോകുകയും ചെയ്യുന്ന അവസ്ഥ മനുഷ്യശരീരത്തിന് ഏറെ ഭീഷണമാണ്. 7–8 മണിക്കൂർ ശാന്തമായി ഉറങ്ങുന്നവരുമായി താരതമ്യപ്പെടുത്തിയാൽ അഞ്ചു മണിക്കൂറിൽ കുറവുമാത്രം ഉറക്കം ലഭിക്കുന്നവർക്ക് ഹാർട്ടറ്റാക്കുണ്ടാകാനുള്ള സാധ്യത 69 ശതമാനം കൂടുതലാണെന്ന് അമേരിക്കൻ കോളജ് ഓഫ് കാർഡിയോളജിയുടെ പഠനങ്ങൾ സൂചിപ്പിക്കുന്നു. പ്രമേഹരോഗികൾക്ക് ഉറക്കക്കുറവുകൂടി ഉണ്ടായാൽ ഹൃദയാഘാതസാധ്യത രണ്ടു മടങ്ങാണ്. അതുപോലെ വർധിച്ച പ്രഷറും കൊളസ്ട്രോളും പ്രമേഹവും അമിതഭാരവും നിദ്രാവിഹീനരിൽ കൂടുതലായി കാണുന്നു. ഒരാൾ എത്ര സമയം ഉറങ്ങണമെന്നു ചോദിച്ചാൽ ഉത്തരം 7–8 മണിക്കൂർ എന്നാണ്. 9 മണിക്കൂറിൽ കൂടുതൽ ഉറങ്ങുന്നത് ആരോഗ്യത്തിനു ഹാനികരമാണെന്നും പഠനങ്ങൾ പറയുന്നു.

1917 ൽ ആദ്യമായി ഫിലിപ്പൈൻസിൽ വിവരിക്കപ്പെടുകയും പിന്നീട് ഏതാണ്ട് 1981 വരെ വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ പോകുകയും ചെയ്ത ഒരു സവിശേഷ രോഗസമസ്യയാണ് 'ഭംഗൻഗട്ട്.' ഇതേ രോഗാവസ്ഥ ജപ്പാനിൽ 'പോക്കുറി ഡെത്ത് സിൻഡ്രോമെന്നു' എന്നു പിന്നീടറിയപ്പെട്ടു. ഇതേപ്പറ്റി പിന്നീട് ആധികാരികമായി നടന്ന ശാസ്ത്രീയപഠനങ്ങൾ ഈ രോഗസമസ്യയ്ക്ക് 'സഡൻ അൺഎക്സ്പ്ലെയ്ൻഡ് നൊക്റ്റർണൽ ഡെത്ത് സിൻഡ്രോം' (SUNDS) എന്ന പേരിട്ടു. കൂടുതലായി ദക്ഷിണ പൂർവ ഏഷ്യൻരാജ്യങ്ങളിലും കുറഞ്ഞ തോതിൽ പാശ്ചാത്യനാടുകളിലും കണ്ടുവരുന്ന, വിശദീകരിക്കാനാവാത്ത രാത്രിയിൽ സംഭവിക്കുന്ന പെട്ടെന്നുള്ള മരണത്തിന്റെ കാരണങ്ങൾ, അസ്പഷ്ടമായി നിലകൊള്ളുന്നു. ഹൃദയധമനിയിലെ ബ്ലോക്കും ഹാർട്ടറ്റാക്കുംകൊണ്ടല്ല മരണം സംഭവിക്കുന്നത് എന്നതാണ് ഇതിന്റെ പ്രത്യേകത. ഗാഢമായ ഉറക്കത്തിൽ അമറുന്ന ഞരക്കത്തോടുകൂടി പെട്ടെന്ന് ഉണരുകയും തൽക്ഷണം മരണപ്പെടുകയും ചെയ്യുന്ന അവസ്ഥ. മരിക്കുന്നവർ എല്ലാവരും തന്നെ 25 നും 44 നും വയസ്സിനിടയുള്ളവർ. മരിക്കുന്നതിനുമുമ്പ് കലശലായ ശ്വാസതടസ്സവും വീർപ്പുമുട്ടലും അനുഭവപ്പെടുന്നു. അശരണരായ അഭയാർഥികളുടെ ഇടയിൽ ഇതു കൂടുതലായി കണ്ടു. കഠിനമായ ജോലിസാഹചര്യങ്ങളിൽ ദീർഘനേരം അധ്വാനം, കുറഞ്ഞ വേതനം, കടുത്ത മനോസംഘർഷം ഉള്ളവരിൽ ഇതു കൂടുതലായി കണ്ടു.

'സൺഡ്സ്' മരണകാരണം ഹാർട്ടറ്റാക്കുമൂലമല്ലെന്നും പ്രധാനമായി ശ്വാസോച്ഛ്വാസതടസ്സം, താളം തെറ്റിയ ഹൃദയമിടിപ്പ് (വെൻട്രിക്കുലർ ഫിബ്രിലേഷൻ), കുറഞ്ഞ ഉറക്കസമയവും താളം തെറ്റിയ ഉറക്കരീതിയും ഒക്കെക്കൊണ്ടാണെന്നു കണ്ടെത്തി. ബ്രുഗാഡ സിൻഡ്രോം, രക്തത്തിൽ പൊട്ടാസ്യത്തിന്റെ അപര്യാപ്തത, കൂർക്കംവലിയും സ്ലീപ് അപ്നയും, വർദ്ധിച്ച മനോസംഘർഷം (വിഷാദം, നിരാശ, വിദ്വേഷം, ഭയം), അപൂർവമായി ഹൃദയധമനിയുടെ ചുരുക്കം (സ്പാസം) തുടങ്ങിയവയെല്ലാം ചെറുപ്പക്കാരിൽ രാത്രിയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന മരണത്തിനു കാരണമാകുന്നു. ദക്ഷിണപൂർവേഷ്യൻ രാജ്യങ്ങളിലെ ചെറുപ്പക്കാരിൽ 'സൺഡ്സ്' സംഭവിക്കുന്നത് ജനിതകമായ പ്രവണതകൊണ്ടാണെന്നു ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. ■



# പാർലമെന്റ് ജനഹിതത്തിന്റെ ചർച്ചാവേദി

നേർമൊഴി

ഫാ. മാത്യു ചന്ദ്രൻകുന്നേൽ

**ഇ**പ്പോഴാണ് ശ്വാസം നേരേയായത് എന്ന ഒരു പ്രയോഗമുണ്ട്. ആശ്വാസമായി, അപകടാവസ്ഥ മാറി, പ്രതീക്ഷയായി, രക്ഷപ്പെട്ടു എന്നൊക്കെയാണ് ഈ നാട്ടുപ്രയോഗത്തിന്റെ അർഥം. ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ച് ഈ പ്രയോഗം അർഥവത്താണ്. ജനാധിപത്യത്തിനു ക്ഷയം സംഭവിക്കുമോ, ഇന്ത്യയുടെ ഭരണഘടന മാറുമോ, ഇനി പൊതുതിരഞ്ഞെടുപ്പു നടക്കുമോ തുടങ്ങിയ ചില ആശങ്കകൾക്കെല്ലാം അറുതിയുണ്ടായിരിക്കുന്നു. ഇന്ത്യയ്ക്കു ജനാധിപത്യരാജ്യമായിരിക്കാനേ സാധിക്കുകയുള്ളൂ. അയൽരാജ്യങ്ങളിൽ സംഭവിക്കുന്നതുപോലെ പട്ടാളഭരണവും ഏകാധിപത്യഭരണവും ഈ രാജ്യത്ത് എളുപ്പമല്ല. ഭരണകർത്താക്കൾ വഴിമാറി നടന്നാൽ ജനങ്ങൾ വോട്ടുവഴി അവരെ ജനാധിപത്യത്തിന്റെ നേർവഴിയിലേക്കു തിരിച്ചുകൊണ്ടുവരും. അടിയന്തരാവസ്ഥക്കാലത്തും 2024 ലെ തിരഞ്ഞെടുപ്പിലും സംഭവിച്ചത് അതാണ്.

2024 ലെ പൊതുതിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ഉയിർത്തെഴുന്നേല്പായി. 370-400 സീറ്റുകളോടെ മൂന്നാം ഭരണം ചോദിച്ചാണു മോദിസർക്കാർ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. മൂന്നാം തവണയും ഭരിക്കാൻ അനുവദിച്ചെങ്കിലും മൃഗീയഭൂരിപക്ഷം ജനം നൽകിയില്ല. വലിയ പ്രതീക്ഷയൊന്നുമില്ലാതെ വോട്ടു ചോദിച്ച ഇന്ത്യാമുന്നണിയെ പക്ഷേ, വോട്ടർമാർ വിസ്മയിപ്പിക്കുകയും അവർക്കു പ്രതീക്ഷ നൽകുകയും ചെയ്തു. അത് ജനാധിപത്യത്തിനും രാജ്യത്തിനും ഗുണകരമായി ഭവിച്ചു.

പതിനെട്ടാം ലോകസഭ ജനാധിപത്യത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണായി മാറിയിരിക്കുന്നു. കഴിഞ്ഞ പത്തുവർഷക്കാലം ഈ രാജ്യത്തു പ്രതിപക്ഷം പേരിനുപോലും ഉണ്ടായിരുന്നില്ല. പ്രാദേശികകക്ഷികളുടെ പിൻബലത്തിൽ നൂറു സീറ്റു നേടി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി പ്രതിപക്ഷനേതാവായി അധികാരമേറ്റു. അധികാരസ്ഥാനങ്ങളിൽനിന്നു ബോധപൂർവം വിട്ടുനിന്ന രാഹുൽ ഇനി തന്റെ സമയമാണെന്നു തിരിച്ചറിഞ്ഞിരിക്കുന്നുവെന്നു തോന്നുന്നു. 2004 മുതൽ 14 വരെ പത്തുവർഷക്കാലം കോൺഗ്രസ് ഭരണമായിരുന്നു. രാഹുലിനു വേണമെങ്കിൽ മന്ത്രിസ്ഥാനമോ അതിലുപരിയായ സ്ഥാനമാനങ്ങളോ നേടാമായിരുന്നെങ്കിലും അദ്ദേഹം മാറിനിന്നു. എന്നാൽ, വലിയ സമ്മർദങ്ങളൊന്നും കൂടാതെ ഇപ്പോൾ പ്രതിപക്ഷനേതൃസ്ഥാനം ഏറ്റെടുത്തിരിക്കുന്നു. പ്രധാനമന്ത്രി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ രാഷ്ട്രീയപ്രാധാന്യമുള്ള വ്യക്തി പ്രതിപക്ഷനേതാവാണ്.



രാഷ്ട്രപതിയുടെ നയപ്രഖ്യാപനപ്രസംഗത്തിനു മറുപടി പറഞ്ഞ പ്രതിപക്ഷനേതാവ് നിറഞ്ഞുകവിഞ്ഞ പാർലമെന്റിൽ കത്തിക്കയറി. ദീർഘമായ പ്രസംഗത്തിൽ രാഹുൽഗാന്ധി പ്രധാനമന്ത്രിയെയും ബിജെപിയെയും കടന്നാക്രമിച്ചു. കഴിഞ്ഞ പത്തു വർഷം രാജ്യം സഞ്ചരിച്ചതു പിന്നോട്ടാണ്. മോദിസർക്കാർ ജനങ്ങളെത്തമ്മിൽ ഭിന്നിപ്പിച്ചു. വർഗീയവിഷം കുത്തിവച്ചു. വിദ്വേഷത്തിന്റെ കടകൾ തുറന്നു. അങ്ങനെ, രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർത്തു. തന്റെ വാദഗതി ഉറപ്പിക്കുന്നതിനു വിശ്വസനീയമായ തെളിവുകൾ അക്കമിട്ട് അവതരിപ്പിച്ചു. മണിപ്പൂർകലാപം, അഗ്നിവീർപദ്ധതി, നോട്ടുനിരോധനം, കർഷകസമരങ്ങൾ, നീറ്റ് തട്ടിപ്പ്, തൊഴിലില്ലായ്മ, കോർപ്പറേറ്റുപ്രീണനം, വിദ്വേഷപ്രസംഗം, മതരാഷ്ട്രീയം, വെറുപ്പിന്റെ രാഷ്ട്രീയം എന്നിങ്ങനെ പരിഹരിക്കപ്പെടേണ്ടതായ വിഷയങ്ങൾ ചൂണ്ടിക്കാട്ടി രാഹുൽ നടത്തിയ പ്രസംഗം പാർലമെന്റിനെ ഇളക്കിമറിച്ചു. രാഹുലിന്റെ പ്രസംഗത്തിൽ ആത്മവിശ്വാസത്തിന്റെ മുഴക്കം കേട്ടു.

പ്രതിപക്ഷനേതാവിന്റെ ആരോപണങ്ങളെ പ്രതിരോധിച്ച് പ്രധാനമന്ത്രി മോദി രണ്ടുമണിക്കൂറിലധികം നീണ്ട പ്രസംഗം നടത്തി. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ രാജ്യത്തുണ്ടായ അടിസ്ഥാനവികസനത്തെക്കുറിച്ചുള്ള വ്യക്തമായ ചിത്രം അദ്ദേഹം നൽകി. ഈ രണ്ടു പ്രഭാഷണങ്ങളും നടന്നത് ശബ്ദകോലാഹലങ്ങൾക്കിടയിലാണ്. രണ്ടു പ്രസംഗങ്ങളിലും അതിരുകടന്ന ആക്രമണോത്സുകത പ്രകടമായിരുന്നു. ഉന്നതസ്ഥാനീയരായ വ്യക്തികളുടെ പ്രഭാഷണങ്ങളിൽ പരിഹാസങ്ങളും വ്യക്തിഹത്യയും ഒഴിവാക്കേണ്ടതാണ്. വസ്തുതാപരമായ കാര്യങ്ങൾ യഥാതഥമായി അവതരിപ്പിക്കുകയാണു വേണ്ടത്. അവതരണത്തിൽ വികാരം കൂടുമ്പോൾ വിചാരം കുറയാനുള്ള സാധ്യത കൂടുതലാണെന്ന കാര്യം പല പ്രഭാഷകരും മറക്കുന്നു.

പാർലമെന്റിലെ പ്രതികരണങ്ങളിൽ ആവേശമാകാമെങ്കിലും പക്വത നഷ്ടപ്പെടാൻ പാടില്ല. കാരണം, അത് സ്വകാര്യസംഭാഷണമോ അടച്ചിട്ട മുറിക്കുള്ളിൽ പറയുന്ന കാര്യങ്ങളോ അല്ല. നിയമസഭകൾക്കും ഇതു ബാധകമാണ്. ഭാവാത്മകവും ക്രിയാത്മകവുമായ ചർച്ചകളാണ് നിയമനിർമാണസഭകളിലുണ്ടാകേണ്ടത്. സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ അന്തിമരൂപം പാർലമെന്റ് ചർച്ചകളിൽനിന്നാണ് ഉണ്ടാകേണ്ടത്. ഏകപക്ഷീയമായ തീരുമാനങ്ങൾ ജനഹിതത്തിന് എതിരാകും; രാജ്യതാത്പര്യങ്ങൾക്കു വിരുദ്ധമാവുകയും ചെയ്യും. അതുകൊണ്ട്, ജനക്ഷേമത്തിനുതകുന്ന ചർച്ചകൾ പാർലമെന്റിൽ ഉണ്ടാകട്ടെ. ■

# ബിഷപ് ജോർജ് മാമലശ്ശേരിൽ ഓർമയായി

പാലാ: മേഘാലയസംസ്ഥാനത്തെ ടുറ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോർജ് മാമലശ്ശേരിൽ ഓർമയായി. ടുറയിലെ ഹോളിക്രോസ് ആശുപത്രിയിൽ ചികിത്സയിലിരിക്കേ ജൂലൈ അഞ്ചിനു പുലർച്ചെയായിരുന്നു അന്ത്യം.

സംസ്കാരം ജൂലൈ 8 ന് ടുറയിലെ സേക്രഡ് ഹാർട്ട് തീർഥാടനകേന്ദ്രത്തിലെ ശുശ്രൂഷകൾക്കുശേഷം ടുറ കത്തീഡ്രൽ ദൈവാലയത്തിൽ നടന്നു. മേഘാലയ മുഖ്യമന്ത്രി കോൺറാഡ് കെ. സാങ്മ, ബിഷപ്പുമാർ, വൈദികർ, സന്ന്യാസിനികൾ തുടങ്ങി വമ്പിച്ച ജനാവലി സംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു. പാലാ രൂപതയ്ക്കുവേണ്ടി പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ സംസ്കാരശുശ്രൂഷകളിൽ പങ്കെടുത്തു.

പാലാ രൂപത കളത്തൂർ മാമലശ്ശേരി കുര്യൻ - എലിസബത്തു ദമ്പതികളുടെ മകനായി 1932 ഏപ്രിൽ 22 നാണ് ബിഷപ്പിന്റെ ജനനം. പ്രാഥമികപഠനത്തിനുശേഷം മദ്രാസ് - മൈലാപ്പൂർ രൂപതയ്ക്കായി പൂനമല്ലിയിലെ സേക്രഡ് ഹാർട്ട് സെമിനാരിയിൽ ചേർന്നു. 1960 ഏപ്രിൽ 24 ന് ആർച്ചുബിഷപ് മാർ ജയിംസ് മത്തിയാസിൽനിന്നു തിരുപ്പട്ടം സ്വീകരിച്ചു. മലേറിയയും വന്യജീവികളുടെ ആക്രമണവുംമൂലം വല്ലാത്ത പ്രതിസന്ധി നേരിട്ടിരുന്ന ഷില്ലോങ് - ഗുവാഹത്തി അതിരൂപതയിലെ ഗോരോഹിൽസിലേക്കായിരുന്നു ഫാ. ജോർജിന്റെ ആദ്യനിയമനം. ഒരു ദശാബ്ദക്കാലം ടുറയിലും ബാഗ്മാരയിലും സഹവികാരിയായി സേവനമനുഷ്ഠിച്ചശേഷം 1970 ൽ ഡാലുവിലെ ഇടവകവികാരിയായി നിയമിക്കപ്പെട്ടു.

1971 ലെ ബംഗ്ലാദേശ് വിമോചനയുദ്ധകാലത്ത് അദ്ദേഹം തന്റെ ഇടവകയിൽ കുടിയിറക്കപ്പെട്ട ആളുകൾക്കു താമസവും ഭക്ഷണവും പിന്തുണയും നൽകി. തന്റെ ഹോസ്റ്റലുകളിലെ അന്തേവാസികളായ കുട്ടികൾക്ക് അരിയുൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ ഫാ. ജോർജ് കൃഷി ചെയ്തുണ്ടാക്കുകയായിരുന്നു.



1979 ഫെബ്രുവരി എട്ടിന് 46-ാം വയസ്സിൽ, ടുറയിലെ പ്രഥമബിഷപ്പായി ഫാ. ജോർജിനെ വത്തിക്കാൻ നിയമിച്ചു. 1979 മാർച്ച് 18 നായിരുന്നു സ്ഥാനാരോഹണം. ബിഷപ്പെന്ന നിലയിൽ, നിലവിലുള്ള 14 കേന്ദ്രങ്ങൾ വികസിപ്പിക്കുകയും 23 പുതിയ ഇടവകകൾ സ്ഥാപിക്കുകയും ചെയ്തു.

ഗാരോഹിൽസിലെ അഞ്ചു ജില്ലകളിലായി അദ്ദേഹം 34 ഡിസ്പെൻസറികൾ സ്ഥാപിച്ചു. 1993 ൽ ടുറയിൽ 150 കിടക്കകളുള്ള ഹോളിക്രോസ് ഹോസ്പിറ്റലിനു തുടക്കംകുറിച്ചു. 57 എൽപി സ്കൂളുകൾ, 35 മെട്രിക് സ്കൂളുകൾ, 16 സെക്കൻഡറി സ്കൂളുകൾ, രണ്ട് എച്ച്എസ് സ്കൂളുകൾ, 24 ഗേൾസ് ഹോസ്റ്റലുകൾ, 23 ബോയ്സ് ഹോസ്റ്റലുകൾ, കോളജുകൾ എന്നിങ്ങനെ ഒട്ടനവധി സ്ഥാപനങ്ങളാണ് ബിഷപ്പിന്റെ നേതൃത്വത്തിൽ രൂപതയിൽ ജന്മംകൊണ്ടത്. ബിഷപ്പിന്റെ വിവിധങ്ങളായ നിർമാണസംരംഭങ്ങൾ പിൽക്കാലത്ത് അദ്ദേഹത്തിന് എൻജിനീയർ ബിഷപ് എന്ന വിളിപ്പേരു നേടിക്കൊടുത്തു.

റിനോ സിമോനെറ്റി സ്കൂൾ ഓഫ് നഴ്സിംഗ് സ്ഥാപിച്ച് ആരോഗ്യസംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും ബിഷപ് മുൻഗണന നൽകി. ഭിന്നശേഷിയുള്ള വ്യക്തികൾക്കും ശാരീരികവെല്ലുവിളികൾ നേരിടുന്നവർക്കുമായി മോണ്ട്ഫോർട്ട് കേന്ദ്രം സൃഷ്ടിക്കാൻ അദ്ദേഹം മോണ്ട്ഫോർട്ട് സന്ന്യാസസമൂഹത്തെ തന്റെ രൂപതയിലേക്കു ക്ഷണിച്ചു. ഇതിനിടെ നിരവധി സാമൂഹികക്ഷേമപദ്ധതികൾ കൊണ്ടുവരാനും ബിഷപ്പിന്റെ ഇടപെടലുകൾ വഴിതെളിച്ചു.

2007 ൽ വിരമിച്ചശേഷവും ബിഷപ് ജോർജ് വൈദികഭവനത്തിൽനിന്നു രൂപതയ്ക്കുവേണ്ടിയുള്ള സേവനം തുടർന്നു. വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹിക, സാമ്പത്തിക മേഖലകളിലെ സംഭാവനകൾക്കു മേഘാലയ സർക്കാരിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ പാടോഗൻ സാങ്മ അവാർഡ് നൽകി ബിഷപ്പിനെ ആദരിച്ചിരുന്നു. മേഘാലയയിലെ ശാസ്ത്രസാങ്കേതികസർവകലാശാല 2019 ൽ അദ്ദേഹത്തിന് ഓണററി ഡോക്ടറേറ്റ് നൽകി ആദരിച്ചു.

# പാലാ അഡാർട്ട് റൂബിജൂബിലിനിറവിൽ

## സമാപനസമ്മേളനം ജൂലൈ 14 ഞായറാഴ്ച പാലായിൽ

പാലാ: 1984 ജൂലൈ മൂന്നിന് ദുക്റാനത്തിരുനാളിൽ പാലാ രൂപതയുടെ പ്രഥമാധ്യക്ഷൻ മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനി ഉദ്ഘാടനം ചെയ്ത കേരളത്തിലെ ആദ്യത്തെ ലഹരിവിമോചനചികിത്സാപുനരധിവാസകേന്ദ്രമായ പാലാ അഡാർട്ട് സേവനത്തിന്റെ നാല്പതുവർഷങ്ങൾ പിന്നിടുകയാണ്.

മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായവരെ ചികിത്സിക്കുക, പുനരധിവസിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ സംരംഭമായി സ്ഥാപിതമായതാണ് അഡാർട്ട്. ഫാമിലി അപ്പോസ്തലേറ്റിന്റെ അന്നത്തെ ഡയറക്ടറായിരുന്ന ഫാ. സെബാസ്റ്റ്യൻ പാട്ടത്തിലിന്റെ ദീർഘവീക്ഷണവും സി. ജോവാൻ ചുങ്കപ്പുരയുടെ സഹകരണവും ഒത്തുചേർന്നാണ് അഡാർട്ട് പ്രവർത്തനം ആരംഭിച്ചത്. കുടുംബങ്ങളിലെ പ്രധാനപ്രശ്നം മദ്യപാനവും സാമ്പത്തികത്തകർച്ചയും അതുവഴിയുണ്ടാകുന്ന കുടുംബപ്രശ്നങ്ങളുമാണ് എന്നു മനസ്സിലാക്കിയതാണ് ഇങ്ങനെയൊരു ചികിത്സാകേന്ദ്രം ആരംഭിക്കാൻ പ്രേരണയായത്.

1984 ജൂലൈ മുതൽ 1986 ഓഗസ്റ്റ് 15 വരെ ബുധൻ, വ്യാഴം ദിവസങ്ങളിലായി അന്നത്തെ പാസ്റ്ററൽ സർവീസ് സെന്ററിലാണ് അഡാർട്ടിന്റെ പ്രവർത്തനങ്ങൾ നടന്നിരുന്നത്. 1986 ഓഗസ്റ്റ് 15 ന് അഡാർട്ട് ഡേ കെയർ സെന്ററായി. 1987 സെപ്റ്റംബർ 8 ന് അഡാർട്ട് മുഴുവൻ സമയക്ലിനിക്കായി.

1994 മേയ് 12 ന് 15 പേരെ കിടത്തി ചികിത്സിക്കാവുന്ന സൗകര്യങ്ങളോടെ മിഷൻ ഹോം പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലേക്ക് അഡാർട്ട് മാറ്റി സ്ഥാപിച്ചു. 1995 മാർച്ചു മാസം മുതൽ അഡാർട്ടിനു കേന്ദ്രഗവൺമെന്റിന്റെ സാമൂഹികക്ഷേമമന്ത്രാലയത്തിന്റെ അംഗീകാരവും ഗ്രാന്റും ലഭിച്ചുതുടങ്ങി.

പാലാ – രാമപുരം റോഡിൽ മാർക്കറ്റ് ജങ്ഷനു സമീപം സ്വന്തം കെട്ടിടത്തിൽ 2002 മുതൽ പ്രവർത്തിച്ചുവരുന്ന അഡാർട്ടിൽ 20 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. ലഹരിവിമോചനചികിത്സ, ചികിത്സാക്യാമ്പുകൾ, ബോധവത്കരണക്ലാസുകൾ, വിദ്യാർഥികൾക്കായി അഡാർട്ട് ക്ലബുകൾ തുടങ്ങി നിരവധി പ്രവർത്തനങ്ങളാണ് അഡാർട്ട് നടത്തുന്നത്. ഇതുവരെ 11 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലഹരിവിമുക്തചികിത്സാമേഖലയിലെ പ്രവർത്തനങ്ങൾക്ക് 2013 ലെ സംസ്ഥാന സർക്കാർ അവാർഡും, ബോധവത്കരണപരിപാടികൾക്ക് 2016 ലെ കേന്ദ്ര സർക്കാർ അവാർഡും അഡാർട്ട് നേടിയിട്ടുണ്ട്.



ഫാ. സെബാസ്റ്റ്യൻ പാട്ടത്തിലിനു പുറമേ, ഫാ. മൈക്കിൾ നരിക്കാട്ട്, ഫാ. ജോസ് കോട്ടയിൽ, ഫാ. ജോൺ എർണ്യാകുളത്തിൽ, ഫാ. മാത്യു പന്തലാനി, ഫാ. മാത്യു പുതിയിടം, ഫാ. സക്കറിയാസ് തൊണ്ടംകുളം, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ദേവസ്യാച്ചൻ വട്ടപ്പലം, ഫാ. ജോസഫ് നരിതൂക്കിൽ, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ വിവിധ കാലങ്ങളിൽ അഡാർട്ടിനെ മികവാർന്ന നിലയിൽ നയിച്ചവരാണ്.

ഇപ്പോഴത്തെ ഡയറക്ടർ റവ. ഫാ. ജെയിംസ് പൊരുന്നോലിയുടെയും പ്രൊജക്ട് ഡയറക്ടർ ശ്രീ എൻ.എം. സെബാസ്റ്റ്യന്റെയും മറ്റു സഹപ്രവർത്തകരുടെയും നേതൃത്വത്തിൽ അഡാർട്ട് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നു. പാലാ രൂപത മെത്രാൻ മാർ ജോസഫ് കല്ലറങ്ങാട്ട് രക്ഷാധികാരിയും രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് കണിയോടിക്കൽ ചെയർമാനുമാണ്.

ജൂബിലിയാഘോഷസമാപനച്ചടങ്ങുകൾ ജൂലൈ 14 ഞായറാഴ്ച പാലാ അഡാർട്ട് അങ്കണത്തിൽ നടക്കും. രാവിലെ 11.30 ന് വിശുദ്ധ കുർബാന, ഉച്ചകഴിഞ്ഞ് 1.15 ന് എ.എ., അൽ – അനോൺസംഗമം, തുടർന്നു കലാപരിപാടികൾ. ഉച്ചകഴിഞ്ഞു മൂന്നിനു ചേരുന്ന പൊതുസമ്മേളനം മാണി സി. കാപ്പൻ എം.എൽ.എ. ഉദ്ഘാടനം ചെയ്യും. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിക്കും. മുഖ്യപ്രഭാഷണം: മോൺ. ജോസഫ് കണിയോടിക്കൽ. നിർമല ജിമ്മി, തോമസ് പീറ്റർ, ജോയി കെ. മാത്യു എന്നിവർ ചടങ്ങിൽ സംസാരിക്കും. തുടർന്ന് സ്നേഹവിരുന്ന്.

# ഓണംതുരുത്തിൽനിന്ന് ബ്രിട്ടീഷ് പാർലമെന്റിലേക്ക്

## സോജൻ ജോസഫ് ബ്രിട്ടീഷ് പാർലമെന്റിലെ ആദ്യമലയാളി





സോജൻ ജോസഫ് ഭാര്യയോടും മക്കളോടുമൊപ്പം

കോട്ടയം: ബ്രിട്ടീഷ് പാർലമെന്റിലേക്കു തിരഞ്ഞെടുക്കപ്പെടുന്ന ആദ്യമലയാളിയാണ് കോട്ടയംകാരൻ സോജൻ ജോസഫ്. കെന്റിലെ ആഷ്ഫോർഡ് മണ്ഡലത്തിൽനിന്ന് ലേബർ പാർട്ടി സ്ഥാനാർഥിയായാണ് കൈപ്പുഴ ഓണംതുരുത്ത് സ്വദേശി സോജൻ ജോസഫ് പാർലമെന്റിലേക്കു മത്സരിച്ചുവിജയിച്ചത്.

ചാമക്കാലായിൽ സി.റ്റി. ജോസഫിന്റെയും പരേതയായ ഏലിക്കുട്ടിയുടെയും ഏഴുമക്കളിൽ ഇളയവനാണ് 49 കാരനായ സോജൻ. സോജൻ ജോസഫിന്റെ ചരിത്രനേട്ടത്തിൽ ഓണംതുരുത്തു നിവാസികളും കുടുംബാംഗങ്ങളും ആഹ്ലാദത്തിലാണ്. സോജന്റെ സഹോദരങ്ങളായ വിമുക്തഭടൻ ജോയി, സൈമൺ, ആലീസ്, ഷേർളി, വത്സമ്മ, സിബി എന്നിവരും അവരുടെ കുടുംബാംഗങ്ങളും പിതാവ് സി.റ്റി. ജോസഫിനൊപ്പം ആഘോഷങ്ങളിൽ പങ്കുചേർന്നു.

വർഷങ്ങളായി കൺസർവേറ്റീവ് പാർട്ടി കൈയടക്കിവച്ചിരുന്ന ആഷ്ഫോർഡ് മണ്ഡലം അട്ടിമറിയിലൂടെയാണ് സോജൻ ജോസഫ് പിടിച്ചെടുത്തത്. കഴിഞ്ഞ നൂറുവർഷമായി ഒരിക്കൽപ്പോലും ലേബർ പാർട്ടി വിജയിക്കാത്ത മണ്ഡലമാണിത്. ആഷ്ഫോർഡ് സിറ്റി കൗൺസിലിൽ കൗൺസിലറായി വിജയിച്ചുകയറിയ സോജൻ പൊതുപ്രവർത്തനത്തിൽ സജീവമാവുകയായിരുന്നു. സ്വന്തം വ്യക്തിപ്രഭാവവും കടുത്ത ഭരണവിരുദ്ധവികാരവുമാണ് സോജന്റെ വിജയത്തിന് ആധാരമായത്.

എൻ.എച്ച്.എസ്.സർവീസ്, സോഷ്യൽ കെയർ, റോഡുകൾ, ബിസിനസ് സംരംഭങ്ങൾ തുടങ്ങിയ വിഷയങ്ങൾക്കാണ് ആദ്യഘട്ടം മുൻഗണന നല്കുന്നതെന്ന് സോജൻ പറഞ്ഞു. ഉയരുന്ന ജീവിതച്ചെലവ് സാധാരണക്കാരനു താങ്ങാനാവുന്നതിലധികമാണ്. ഇതു പരിഹരിക്കാനുള്ള ശ്രമങ്ങൾ തന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് സോജൻ ഉറപ്പുകൊടുത്തു.

തികച്ചും സാധാരണ കർഷകകുടുംബമാണ് സോജന്റേത്. മാതാപിതാക്കളും ഏഴുമക്കളും. കൈപ്പുഴ സെന്റ് ജോർജ് സ്കൂളിലും മാന്നാനം കെ.ഇ. കോളജിലുമായിരുന്നു വിദ്യാഭ്യാസം. പ്രീഡിഗ്രിക്കുശേഷം കുറെക്കാലം സെമിനാരി പരിശീലനത്തിൽ. അവിടെനിന്ന് ബംഗളൂരുവിൽ നഴ്സിംഗ് പഠനത്തിന്.

നഴ്സിംഗ് പഠനത്തിനുശേഷം 22 വർഷം മുമ്പാണ് യുകെയിൽ എത്തിയത്. യുകെയിൽ നഴ്സായ ഇരിങ്ങാലക്കുട കരുവന്നൂർ സ്വദേശി ബ്രൈറ്റാണു ഭാര്യ. മക്കൾ ഹന്നയും സാറയും മാത്യുവും യു.കെ.യിൽ വിദ്യാർഥികളാണ്.




**ജൂലൈ 21**
**കൈത്താക്കാലം**
**മൂന്നാം ഞായർ**

**റൂത്ത് 1:6 – 18**
**പ്രഭാ 33:7 – 13**
**റോമാ 12:3 – 8**
**ലൂക്കാ 10:38 – 42**

# സ്നേഹത്തിന്റെയും കരുതലിന്റെയും ശുശ്രൂഷ



**ഫാ. ഡോ. തോമസ് വടക്കേൽ**

“സന്തോഷത്തോടെ കർത്താവിനു ശുശ്രൂഷ ചെയ്യുവിൻ; ഗാനാലാപത്തോടെ അവിടുത്തെ സന്നിധിയിൽ വരുവിൻ” (സങ്കീ. 100:2). “കർത്താവിനു പ്രീതികരമായി ശുശ്രൂഷ ചെയ്യുന്നവൻ സ്വീകാര്യനാണ്. അവന്റെ പ്രാർഥന മേഘങ്ങളോളം എത്തുന്നു” (പ്രഭാ. 35:20). കൈത്താക്കാലം മൂന്നാം ഞായറിലെ വായനകളെല്ലാം ‘ശുശ്രൂഷ’കളുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. വിശ്വസ്തതയോടെയുള്ള ശുശ്രൂഷയും ശുശ്രൂഷകളിലെ വൈവിധ്യങ്ങളും ശുശ്രൂഷയുടെ പ്രാധാന്യവുമെല്ലാം ഇന്നത്തെ വായനകളിലെ പ്രധാന പ്രമേയങ്ങളാണ്.

ഒന്നാം വായനയിൽ (റൂത്ത് 1:6–18) തന്റെ ഭർത്താവിന്റെയും മക്കളുടെയും വേർപാടിനുശേഷം മരുമക്കളോടു കരുതലോടെ ഇടപെടുന്ന നവോമിയെക്കുറിച്ചും; രണ്ടാം വായനയിൽ (പ്രഭാ. 33:7–13) ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുന്നവൻ തന്റെ വ്യത്യസ്തമായ ദൗത്യങ്ങൾക്കനുസരിച്ചു പ്രവർത്തിക്കുമെന്നതിനെക്കുറിച്ചും; മൂന്നാം വായനയിൽ (12:3–8) സഭാമക്കൾ വ്യത്യസ്തങ്ങളായ ശുശ്രൂഷകൾ നിർവഹിക്കുന്നതിനെക്കുറിച്ചും; നാലാം വായനയിൽ (ലൂക്കാ 10:38–42) വ്യത്യസ്തങ്ങളായ ശുശ്രൂഷകൾ നിർവഹിക്കുന്ന മർത്തായെയും മറിയത്തെയുംകുറിച്ചും നാം ധ്യാനിക്കുന്നു.

**റൂത്ത് 1:6–18:** ബെത്‌ലഹേംകാരനായ എലിമെലേക്ക് എന്ന ഇസ്രയേൽക്കാരന്റെ ഭാര്യ നവോമിയും അവളുടെ മരുമക്കളായ ഓർഫായും റൂത്തും തമ്മിൽ നടത്തുന്ന സംഭാഷണമാണ് ഒന്നാം വായനയുടെ പശ്ചാത്തലം. ഭർത്താവു നഷ്ടപ്പെട്ട നവോമിയും വിധവകളായിത്തീർന്ന തന്റെ മരുമക്കളും (ഓർഫ, റൂത്ത്) തമ്മിൽ ഭാവിയെക്കുറിച്ചു സംസാരിക്കുകയാണിവിടെ. തന്റെ മക്കളായ മഹ്‌ലോനും കിലിയോനും മരണപ്പെട്ടുവെങ്കിലും തന്റെ മരുമക്കൾക്ക് ഒരു കുറവും ഉണ്ടാകരുതെന്നും അവർ സന്തോഷത്തോടെ ജീവിക്കണമെന്നും ആഗ്രഹിച്ച, അവർക്കുവേണ്ടി കരുതലോടെ പ്രവർത്തിക്കുന്ന ഒരമ്മയാണ് നവോമി.


ഭർത്താവിന്റെ മരണശേഷം നവോമി മൊവാബിൽനിന്നു ബെത്‌ലഹേമിലേക്കു തിരികെപ്പോകാനൊരുങ്ങി (6:1). ബെത്‌ലഹേം അപ്പത്തിന്റെ ഭവനമാണ്. അവിടെ തന്റെ ജനത്തെ കർത്താവു ഭക്ഷണം നൽകി അനുഗ്രഹിക്കുന്നുവെന്നു കേട്ടാണ് നവോമി മരുമക്കളുടെകൂടെ അവിടേക്കു യാത്രയാകാൻ തയ്യാറായത്. കർത്താവിലുള്ള നവോമിയുടെ ഉറച്ച വിശ്വാസമാണ് ഈ പ്രവൃത്തിയുടെ ആധാരം. തന്റെ മരുമക്കൾക്കു ‘ദൈവാനുഗ്രഹം’ കിട്ടുമെന്ന ആഗ്രഹമാണ് ഇതിനു പിന്നിലുള്ളത്. നവോമി എന്ന നന്മ നിറഞ്ഞ ഹൃദയത്തിന്റെ പ്രതിഫലനമാണ് ഈ വാക്കുകളിൽ നിഴലിക്കുന്നത്.

‘കർത്താവു നിങ്ങളോടു കരുണ കാണിക്കട്ടെ’ (1:8). അമ്മയുടെ പ്രാർഥനയാണിത്. ഹീബ്രു ഭാഷയിലെ ‘ഹെസെദ്’ (hesed) എന്ന പദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന്റെ അർഥം ‘loving, kindness, mercy’ എന്നൊക്കെയാണ്. മാനുഷികമായ തന്റെ ശക്തിക്ക് അവരെ രക്ഷിക്കാൻ പരിമിതിയുണ്ടെന്ന തിരിച്ചറിവിൽനിന്നുകൊണ്ടാണ് ‘ദൈവകരുണ’യിൽ ഈ അമ്മ അഭയം തേടുന്നത്. ‘കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ’ (1:9) എന്നു പറഞ്ഞ് ഈ അമ്മ അവരെ ചുംബിച്ചു. ‘ചുംബനം’ കലർപ്പില്ലാത്ത സ്നേഹത്തിന്റെ അടയാളമാണ്.

ഈ അമ്മയുടെ വലിയ സ്നേഹത്തിനും കരുതലിനുമുള്ള ഭാവാത്മകമായ പ്രത്യുത്തരമാണ് മരുമക്കളുടെ മറുപടികളിൽ വ്യക്തമാകുന്നത്. “ഞങ്ങൾ പോകുന്നില്ല. അമ്മയുടെ ആളുകളുടെ അടുക്കലേക്കു ഞങ്ങളും വരുന്നു”(1:10). സ്നേഹനിധിയായ ഒരമ്മയെ മരുമക്കൾക്ക് എങ്ങനെ ഉപേക്ഷിക്കാനാകും; ഒരിക്കലും സാധ്യമല്ല. മരുമകളായ റൂത്തിന്റെ മറുപടി ശ്രദ്ധേയമാണ്: ‘‘അമ്മയെ ഉപേക്ഷിക്കാനോ കൂടെപ്പോരാതിരിക്കാനോ എന്നോടു പറയരുത്. അമ്മ പോകുന്നിടത്ത് ഞാനും വരും.” ഇത് ഒരു പൊള്ളയായ വാക്കല്ല; മറിച്ച്, ആത്മാർഥമായ സ്നേഹത്തിന്റെ, കരുതലിന്റെ പ്രതികരണമാണ്.

**പ്രഭാഷകൻ 33:7–13:** പ്രഭാഷകന്റെ പുസ്തകത്തിൽ ജ്ഞാനത്തിന്റെ ദർശനങ്ങളാണ് അവതരിപ്പിച്ചിരിക്കുന്നത്. വിവേകത്തിന്റെയും വിശുദ്ധിയുടെയും ചിന്തകളാണ് ഇതിൽ നിറഞ്ഞിരിക്കുന്നത്. ദൈവഭക്തിയിൽ വ്യാപരിക്കുന്ന ഒരുവന്റെ ജീവിതത്തോടു ബന്ധപ്പെട്ട ദർശനങ്ങളാണ് ഇന്നത്തെ വായനയിൽ നാം ശ്രവിക്കുന്നത്. ദൈവത്തോടു ചേർന്നുനിൽക്കുന്നവൻ അവിടുന്ന് ഏല്പിച്ചിരിക്കുന്ന നിയോഗങ്ങൾക്കനുസരിച്ചു ജീവിതത്തിൽ വ്യാപരിക്കും.

ഓരോന്നിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് അന്തിമമായ തീരുമാനം കർത്താവിന്റേതാണ്. “ഋതുക്കളും ഉത്സവങ്ങളും നിർണയിക്കുന്നത് അവിടുന്നാണ്.” “കർത്താവിന്റെ നിശ്ചയമനുസരിച്ചാണ് അവ വ്യത്യസ്തമാകുന്നത്.” സ്രഷ്ടാവായ ദൈവം തന്റെ ഇഷ്ടമനുസരിച്ചാണ് ഓരോന്നും സൃഷ്ടിച്ചിരിക്കുന്നത്. ഗ്രീക്കുഭാഷയിൽ ‘ഏൻ ഗ്നോസെയ് കിരിയൂ’ (en gnosei kyriou) എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ അർഥം ‘by the Lord’s wisdom’ എന്നാണ്. ദൈവം തന്റെ ജ്ഞാനത്തിൽ കാര്യങ്ങൾ തീരുമാനിക്കുന്നു. ഓരോരുത്തരും അവരവരുടെ നിയോഗം മനസ്സിലാക്കി ജീവിക്കുക. അതാണ് പ്രഭാഷകന്റെ ആഹ്വാനവും.



ഓരോരുത്തർക്കും വ്യത്യസ്തങ്ങളായ മാർഗങ്ങളുണ്ട്: the Lord appointed their different ways (33:11) എന്നതിന്റെ അർഥം ഓരോ വ്യക്തിക്കും ജീവിതവഴികൾ ഉണ്ടെന്നുള്ളതാണ്. അവിടുത്തെ വഴികളിൽ ചരിക്കുന്നവർക്കും അല്ലാത്തവർക്കും എന്തുതരത്തിലുള്ള പ്രതിഫലമായിരിക്കും ലഭിക്കുകയെന്നും ഇവിടെ പ്രതിപാദിക്കുന്നുണ്ട്. അനുഗ്രഹവും ശാപവും ഓരോരുത്തരുടെയും ജീവിതത്തിനനുസരിച്ചു ലഭിക്കുന്ന സമ്മാനമാണ്.

ഓരോരുത്തരെയും ദൈവം വ്യത്യസ്തരാക്കിയാണു സൃഷ്ടിച്ചിരിക്കുന്നതെന്ന സത്യം ‘കുശവന്റെ കൈയിലെ കളിമണ്ണ്’ എന്ന പ്രതീകത്തിലൂടെ ഇവിടെ അവതരിപ്പിക്കുന്നുണ്ട്. കുശവൻ തന്റെ ഇഷ്ടമനുസരിച്ചു പാത്രങ്ങൾ നിർമിക്കുന്നതുപോലെ സ്രഷ്ടാവായ ദൈവം തന്റെ ഇഷ്ടമനുസരിച്ച് ഓരോന്നും നിർമിക്കുന്നു.

**റോമാ: 12:38:** റോമാസഭയിലെ വിശ്വാസിസമൂഹം തങ്ങളുടെ ക്രിസ്തീയ ശുശ്രൂഷയിൽ ‘എങ്ങനെ ചരിക്കണം’ എന്നതിനെക്കുറിച്ചുള്ള ധാർമികപ്രബോധനത്തിന്റെ ഭാഗമാണ് ഈ വചനഭാഗം. സഭയിലെ കൂട്ടായ്മയിൽ വരദാനങ്ങളുമായി ബന്ധപ്പെട്ടു രൂപപ്പെട്ട ചില ഭിന്നതകളുടെ പശ്ചാത്തലത്തിൽക്കൂടിയാണ് പൗലോസ്ശ്ലീഹാ ഈ ധാർമിക ചിന്തകൾ അവതരിപ്പിക്കുന്നത് (1 കോറി. 12:1–27).

താൻ ദൈവത്താൽ വിളിക്കപ്പെട്ടവനാണെന്നും, ആ ദൈവകൃപയുടെ ശക്തിയിൽനിന്നാണ് താൻ ഈ പ്രബോധനം നൽകുന്നതെന്നും പ്രാരംഭത്തിൽത്തന്നെ പൗലോസ് സൂചിപ്പിക്കുന്നുണ്ട്. മൂന്നാം വാക്യത്തിലെ ‘by the grace given to me’ എന്ന ശൈലീപ്രയോഗം പൗലോസിന്റെ ശുശ്രൂഷ ‘കൃപ’ നിറഞ്ഞതാണെന്നു വ്യക്തമാക്കുന്നു. ഗ്രീക്കുഭാഷയിലെ ‘ഖാരിസ്’ (charis) എന്ന പദത്തിന്റെ അർഥം ‘graciousness’ എന്നാണ്. ഇതു ദൈവം നൽകുന്ന ദാനമാണ്. ശുശ്രൂഷകർ ‘കൃപ’ നിറഞ്ഞവരാകണം. അവരുടെ പ്രവർത്തനങ്ങൾ അനുഗ്രഹദായകമാകുകയും വേണം.

ക്രിസ്തുവിന്റെ ശരീരം എന്ന മനോഹരമായ ഒരു പ്രതീകത്തിലൂടെയാണ് പൗലോസ് സഭയെ വർണിക്കുന്നത്. സഭ ക്രിസ്തുവിലാണ് എന്ന ആശയമാണ് റോമാലേഖനത്തിൽ കൂടുതലായി പ്രതിഫലിക്കുന്നത്. ‘We are one body in Christ’- നാം ക്രിസ്തുവിൽ ഏകശരീരമാണ് എന്ന പ്രസ്താവന പൗലോസിന്റെ ദൈവശാസ്ത്രദർശനങ്ങളിൽ ഒന്നാണ്. മാമ്മോദീസായിലൂടെ നാമെല്ലാവരും ഒരു സഭയായിരിക്കുന്നത് ഈശോമിശിഹായിലാണ്. ഗ്രീക്കിലെ ‘ഏൻ ക്രിസ്തോ’ എന്ന പ്രയോഗം ഒരു മിസ്റ്റിക്കൽ കാഴ്ചപ്പാടാണ്.

പരിശുദ്ധ റൂഹാ ഓരോരുത്തർക്കും നൽകിയിരിക്കുന്ന വരങ്ങൾക്കനുസൃതമായിട്ടായിരിക്കണം ക്രിസ്തീയവിശ്വാസികൾ പ്രവർത്തിക്കേണ്ടത്. പ്രവചനവരം, ശുശ്രൂഷാവരം, പ്രബോധനവരം, ഉപദേശവരം, ദാനം, നേതൃത്വം, കരുണ തുടങ്ങിയവ ലഭിച്ചവർ ‘വിശ്വാസത്തിനു ചേർന്നവിധ’മാണു പ്രവർത്തിക്കേണ്ടത്. ഇതു ബാഹ്യമായ ഒരു പ്രകടനമല്ല; വിശ്വാസത്തിന്റെ പ്രവർത്തനമാണ്.

**ലൂക്കാ: 10:38–42:** ഈശോയെ ഏറെ സ്നേഹിച്ചിരുന്ന, ഈശോ ഏറെ കരുതൽ നൽകിയിരുന്ന ഒരു കുടുംബത്തിന്റെ വിശേഷങ്ങളാണ് ഈ വചനഭാഗത്തു നാം ശ്രവിക്കുന്നത്: ‘ഇതു മർത്തായുടെയും മറിയത്തിന്റെയും ഭവനമാണ്.’ ‘മർത്ത’ എന്ന വാക്കിന് കുടുംബനാഥ എന്ന അർഥമുണ്ട്. ‘മറിയം’ എന്ന പേരിനു വൈശിഷ്ട്യം എന്ന അർഥവുമുണ്ട്. അവരുടെ പേരുകൾ അവരുടെ ജീവിതനിയോഗത്തിലേക്കുള്ള ഒരു ചൂണ്ടുപലകയാണ്.

മർത്താ, കുടുംബനാഥ എന്ന നിലയിൽ അതിഥിസത്കാരത്തിൽ ജാഗ്രത പുലർത്തിയിരുന്നവളാണ്. മർത്തായാണ് ഈശോയെ സ്വഭവനത്തിൽ സ്വീകരിച്ചത് (10:38). ഹ്യൂപോദേഖോമായ് (hypodechomai) എന്ന ഗ്രീക്കുപദത്തിന്റെ അർഥം ‘സ്വാഗതം ചെയ്യുക’ എന്നാണ്. മർത്തായുടെ മനസ്സിന്റെ വാതിലുകൾ തുറന്നിരുന്നതിനാലാണ് അവൾ ഈശോയ്ക്ക് തന്റെ വീടിന്റെ വാതിലുകൾ തുറന്നു നൽകിയത്. ഈശോയ്ക്കു സ്വാഗതമരുളുകവഴി അവൾ ശ്രേഷ്ഠമായ ഒരു പ്രവൃത്തിയാണു ചെയ്തത്.

മർത്തായുടെ ജീവിതത്തിന്റെ പോരായ്മ അവൾ ‘distracted’ ആയിരുന്നു എന്നതാണ്. ഗ്രീക്കുഭാഷയിലെ ‘പെരിസ്പാഓ’ (perispao) എന്ന ക്രിയാപദമാണിവിടെ ഉപയോഗിച്ചിരിക്കുന്നത്. യഥാർഥത്തിൽ ശ്രദ്ധ കൊടുക്കേണ്ട കാര്യത്തിൽനിന്നു വ്യതിചലിച്ച് ഇതരകാര്യങ്ങളിലേക്കു ശ്രദ്ധ പോകുമ്പോഴുള്ള ആകുലതയാണിത്. 41–ാം വാക്യത്തിൽ മർത്തായോട് ഈശോ പറയുന്നത് ഇതുതന്നെയാണ്: anxiety and disturbance. പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥതയുമായിരുന്നതിനാൽ അവളിൽ രൂപപ്പെട്ട ഒരു ഡിസോർഡർ ആണ് മർത്തായുടെ പ്രശ്നം.

മറിയത്തിന്റെ ശുശ്രൂഷ വളരെ ‘focused’ ആയിരുന്നു: വചനം കേട്ടുകൊണ്ട് ഈശോയുടെ പാദങ്ങളിൽ ഇരുന്നു. മറിയത്തിന്റെ ശ്രദ്ധ ഈശോയിലേക്കു മാത്രമായിരുന്നു. അത് അവളുടെ ജീവിതത്തിന് ഒരു ക്രമം നൽകി.

■■

# മലയാളി ഒളിമ്പ്യൻ പിറന്നിട്ട് 100 വർഷം





**സനിൽ പി. തോമസ്**

ഒരു മലയാളി ആദ്യമായി ഒളിമ്പിക്സിൽ പങ്കെടുത്തിട്ട് ജൂലൈ എട്ടിന് 100 വർഷം തികഞ്ഞു. 1924 ൽ പാരീസ് ഒളിമ്പിക്സിൽ കണ്ണൂർ ചെറുവാരി കൊറ്റ്യത്ത് ലക്ഷ്മണൻ 110 മീറ്റർ ഹർഡിൽസിൽ പങ്കെടുത്തു. അഞ്ചാം ഹീറ്റിൽ പങ്കെടുത്ത ലക്ഷ്മണന് അടുത്ത റൗണ്ടിൽ കടക്കാനായില്ല (16.4 സെ.മീ.) മൂന്നാമത് ഒരിക്കൽക്കൂടി പാരീസ് ഒളിമ്പിക്സ്‌വേദിയാകുമ്പോൾ ഇന്ത്യൻ ടീമിൽ ഏഴു മലയാളികൾ സ്ഥാനം നേടി. പക്ഷേ, അതിൽ വനിതകൾ ഇല്ല.

സർ ദൊറാബ്ജി ജംഷഡ്ജി ടാറ്റാ സ്വന്തം ചെലവിലാണ് 1920 ലെ ആന്റ്‌വെർപ് ഒളിമ്പിക്സിൽ ഏതാനും അത്‌ലറ്റുകളെയും ഗുസ്തിതാരങ്ങളെയും ഇന്ത്യയിൽനിന്ന് അയച്ചത്. 1924 ലെ ഒളിമ്പിക്സിൽ ഇന്ത്യൻ സംഘത്തെ അയച്ചതിലും ടാറ്റാ പ്രധാന പങ്കുവഹിച്ചു. അക്കാലത്ത് സംഘടിതസ്പോർട്സ് ഇന്ത്യയിൽ വൈ.എം.സി.എ. കേന്ദ്രീകരിച്ചുമാത്രമാണു നടത്തപ്പെട്ടിരുന്നത്. ഇന്ത്യയിലുടനീളം വ്യാപിച്ചിരുന്ന വൈ.എം.സി.എ. പ്രസ്ഥാനത്തിന്റെ പിന്തുണ ടാറ്റാ ഉറപ്പുവരുത്തി.

1924 ഫെബ്രുവരിയിൽ ഡൽഹിയിൽ പ്രഥമ ഇന്ത്യൻ ഗെയിംസ് നടത്തി. ഇതിൽനിന്ന് പാരീസ് ഒളിമ്പിക്സിനു തിരഞ്ഞെടുത്ത ഒൻപതുപേരിൽ ഒരാളായിരുന്നു സി.കെ. ലക്ഷ്മണൻ.

1924 ലെ ഒളിമ്പിക്സിൽ രാജ്യത്തെ പ്രതിനിധീകരിച്ച ഏഴംഗ ഇന്ത്യൻസംഘത്തിന്റെ ഭാഗമായിരുന്ന ലക്ഷ്മണൻ ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യമലയാളിയാണ്. അതേവർഷം, 1924 ൽ ഡൽഹിയിൽ നടന്ന ആദ്യ ദേശീയ അത്‌ലറ്റിക് മീറ്റിൽ 120 യാർഡ് ഹർഡിൽസിൽ സ്വർണം നേടി. 1925-26 നും 1930-31 നും ഇടയിൽ ഫസ്റ്റ്ക്ലാസ്തലത്തിൽ ക്രിക്കറ്റും കളിച്ചു. ലക്ഷ്മണൻ പിന്നീട് ഇന്ത്യൻ ആർമിയിൽ മേജർ ജനറലായും തുടർന്ന് ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റിയുടെ ഡയറക്ടർ ജനറലായും സേവനമനുഷ്ഠിച്ചു.

കണ്ണൂർ മുനിസിപ്പൽ ഹൈസ്കൂളിലായിരുന്നു സി.കെ. ലക്ഷ്മണന്റെ പ്രാഥമികവിദ്യാഭ്യാസം. തുടർന്ന്, മദ്രാസ് ക്രിസ്ത്യൻ കോളജിൽ ചേർന്നു. മദ്രാസ് മെഡിക്കൽ കോളജിലെ പഠനത്തിനുശേഷം ലണ്ടനിൽ ഉപരിപഠനം പൂർത്തിയാക്കി. പഠനകാലത്ത് ക്രിക്കറ്റും ടെന്നീസുമായിരുന്നു ഹരം. മദ്രാസ് സംസ്ഥാനത്ത് ഹൈക്കോടതി ജഡ്ജിയായിരുന്ന അമ്മാവൻ ജസ്റ്റീസ് കൃഷ്ണന്റെ മകൾ സരോജിനിയായിരുന്നു ലക്ഷ്മണന്റെ ഭാര്യ. മക്കൾ: ശ്രീലത ഖത്രി, റാം, ജയകൃഷ്ണൻ. 1970 ഒക്ടോബർ 3 ന് ന്യൂഡൽഹിയിൽ വച്ച് അദ്ദേഹം അന്തരിച്ചു.

1924ൽ പാരീസ് ഒളിമ്പിക്സിനു മുന്നോടിയായി ദേശീയ ഒളിമ്പിക്സ് സംഘടന രൂപമെടുത്തെങ്കിലും ഔദ്യോഗികമായി നിലവിൽ വന്നത് 1927 ലാണ്. ദൊറാബ്ജി ടാറ്റാ പ്രസിഡന്റും ഡോ. എ.ജി. നിയോറെൻ സെക്രട്ടറിയുമായ ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ ചെലവുകളത്രയും തുടക്കത്തിൽ ടാറ്റായാണു വഹിച്ചത്.

സി.കെ. ലക്ഷ്മണനുശേഷം ഒരു മലയാളി ഒളിമ്പിക്സിൽ പങ്കെടുത്തത് 1948 ൽ ലണ്ടനിലാണ്. തോമസ് മത്തായി വർഗീസ് എന്ന തിരുവല്ല പാപ്പൻ ഇന്ത്യൻ ഫുട്ബോൾ ടീമിൽ കളിച്ചു.

1952 ൽ ഹെൽസിങ്കിയിൽ ഫുട്ബോൾ ടീമിൽ പി.ബി. അബ്ദുൾ സാലി എന്ന കോട്ടയം സാലിയും അത്‌ലറ്റിക് ടീമിൽ ഐവാൻ ജേക്കബും കളത്തിലിറങ്ങി. 1956ൽ മെൽബണിൽ ഇന്ത്യൻ ഫുട്ബോൾ ടീം സെമിയിൽ കടന്നപ്പോൾ ടീമിൽ അബ്ദുൾ റഹ്മാനും എസ്.എസ്. നാരായണനും കളിച്ചു. ഇന്ത്യൻ ഫുട്ബോൾ ടീം അവസാനമായി ഒളിമ്പിക്സിൽ പങ്കെടുത്ത 1960 ൽ (റോം) മൂന്നു മലയാളികളാണ് ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നത്. എം. ദേവദാസും എസ്.എസ്. നാരായണനും ഒ. ചന്ദ്രശേഖരനും. രണ്ട് ഒളിമ്പിക്സിൽ പങ്കെടുത്ത ആദ്യ മലയാളിയായി ഗോൾ കീപ്പർ എസ്.എസ്. നാരായണൻ.

മ്യൂണിക്കിൽ, 1972 ൽ മാനുവൽ ഫ്രെഡറിക്സിനു കൂട്ടായി അത്‌ലറ്റ് സുരേഷ് ബാബു ഉണ്ടായിരുന്നു. തുടക്കംമുതൽ കേരളത്തിൽ വളർന്നൊരു അത്‌ലറ്റിന്റെ ഒളിമ്പിക്സ്പ്രവേശനമായി സുരേഷ് ബാബുവിന്റെ സാന്നിധ്യം വിലയിരുത്താം. 1976 ൽ മോൺട്രിയോളിൽ മത്സരിച്ച ടി.സി. യോഹന്നാൻ തന്റെ മികച്ച ദൂരമായ 8.07 മീറ്റർ ലോങ് ജംപ് ചെയ്തിരുന്നെങ്കിൽ ഒരുപക്ഷേ, വെങ്കലമെഡൽ കിട്ടിയേനേ. 1980 ൽ മോസ്കോയിൽ ഇന്ത്യയുടെ ഏകമലയാളിപ്രതിനിധിയായിരുന്നു പി.ടി. ഉഷ.









*1924 ലെ പാരീസ് ഒളിമ്പിക്സിൽ പങ്കെടുത്ത ഇന്ത്യൻ അത്‌ലറ്റിക് ടീമംഗങ്ങൾ പരിശീലകൻ ഹാരി ബക്കിനൊപ്പം. വലത്തുനിന്ന് രണ്ടാമത് സി.കെ. ലക്ഷ്മണൻ*

ലൊസാഞ്ചലസിൽ പി.ടി. ഉഷയ്ക്ക് 400 മീറ്റർ ഹർഡിൽസിൽ വെങ്കലം നഷ്ടമായത് സെക്കന്റിന്റെ നൂറിലൊന്നു വ്യത്യാസത്തിൽ. ഒളിമ്പിക്സ് ഫൈനലിൽ കടന്ന നാലാമത്തെ ഇന്ത്യൻ അത്‌ലറ്റും ആദ്യ ഇന്ത്യൻ വനിതയും എന്ന നേട്ടം ഉഷയ്ക്കു സ്വന്തം. ഉഷയും ഷൈനിയും എം.ഡി. വൽസമ്മയും ഉൾപ്പെട്ട 4 × 400 മീറ്റർ റിലേ ടീമും ഫൈനലിൽ കടന്നു. 1988 ൽ സോളിൽ മേല്പറഞ്ഞ മൂന്നു പേർക്കൊപ്പം മേഴ്സിക്കുട്ടനും ഒളിമ്പ്യനായി. ബാർസിലോണയിൽ മലയാളിപ്രാതിനിധ്യമായി ഷൈനിക്കൊപ്പം ബാഡ്മിന്റൻ താരം യു. വിമൽകുമാറും ഉണ്ടായിരുന്നു.

ശതാബ്ദി ഒളിമ്പിക്സിൽ (1996, അറ്റ്ലാന്റ), ഷൈനി വിൽസൺ, പി.ടി. ഉഷ, കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി (അത്‌ലറ്റിക്സ്), അനിൽ ആൾഡ്രിൻ, സാബു വർക്കി (ഹോക്കി), അംബിക, രാധിക (ടേബിൾ ടെന്നീസ്), സെബാസ്റ്റ്യൻ സേവ്യർ (നീന്തൽ) എന്നിവർ ഇന്ത്യൻ ടീമിൽ ഉണ്ടായിരുന്നു. പക്ഷേ, ഉഷയ്ക്ക് മത്സരിക്കാൻ അവസരം കിട്ടിയില്ല. ഇതുകൊണ്ടാണ് ഷൈനി നാലു തവണ ഒളിമ്പ്യൻ എന്ന ലേബൽ സ്വന്തമാക്കിയപ്പോൾ മൂന്നുതവണത്തെ ഒളിമ്പ്യൻ എന്ന് ഉഷയെക്കുറിച്ചു രേഖപ്പെടുത്തപ്പെട്ടത്.

സിഡ്നിയിൽ കെ.എം. ബീനാമോൾ, കെ.സി. റോസക്കുട്ടി, ജിൻസി ഫിലിപ്പ്, പി. രാമചന്ദ്രൻ, ലിജോ ഡേവിഡ് തോട്ടാൻ, അനിൽകുമാർ (അത്‌ലറ്റിക്സ്), ദിനേശ് നായിക് (ഹോക്കി) എന്നിവർ മത്സരിച്ചു. മഞ്ജിമ കുര്യാക്കോസിനും മനോജ്‌ലാലിനും ട്രാക്കിൽ ഇറങ്ങാൻ കഴിഞ്ഞില്ല. ഇതേ നിർഭാഗ്യം ബെയ്ജിങ്ങിൽ സിനി ജോസിനും റിയോയിൽ ജിസ്ന മാത്യുവിനും സംഭവിച്ചു.

ലൊസാഞ്ചലസിനുശേഷം ട്രാക്ക് ആൻഡ് ഫീൽഡിൽ ഇന്ത്യയ്ക്കു മെഡൽ പ്രതീക്ഷ ഉയർന്നത് 2004 ൽ ആഥൻസിലാണ്. അഞ്ജു ബോബി ജോർജ് ലോങ്ജംപിൽ അഞ്ചാം സ്ഥാനം നേടി. പക്ഷേ, ആദ്യ നാലു സ്ഥാനക്കാരിൽ രണ്ടുപേർ പിന്നീട് ഉത്തേജകത്തിൽ കുടുങ്ങിയപ്പോൾ അഞ്ജുവിന് വെങ്കലമെഡൽ എങ്കിലും ലഭിക്കേണ്ടതായിരുന്നു എന്നു കണക്കുകൂട്ടാം. അഞ്ജു ആഥൻസിൽ ചാടിയ 6.83 മീറ്റർ ദേശീയ റെക്കോർഡ് ആയി തുടരുന്നു. കെ.എം. ബീനാമോളും സഹോദരൻ കെ.എം. ബിനുവും ആഥൻസിൽ മത്സരിച്ചു. ചിത്ര കെ. സോമൻ, ബോബി അലോഷ്യസ് എന്നീ അത്‌ലറ്റുകളും റോവിങ് താരം പി.ടി. പൗലോസും ആഥൻസിൽ മലയാളിസാന്നിധ്യമായി.

അഞ്ജു ബോബി ജോർജ് (2004, 08), ചിത്ര കെ. സോമൻ (2004, 08), ടിന്റു ലൂക്ക(2012, 16), സാജൻ പ്രകാശ് (2016, 20), മുഹമ്മദ് അനസ് (2016, 20), കെ.ടി. ഇർഫാൻ (2012, 20) എന്നിവർ രണ്ട് ഒളിമ്പിക്സിൽ മത്സരിച്ചു.

മറ്റു മലയാളി ഒളിമ്പ്യന്മാർ: പ്രീജ ശ്രീധരൻ (2008), മയൂഖ ജോണി (2012), വി. ഡിജു, ബാഡ്മിന്റൻ (2012), അനിൽഡ തോമസ്, ഒ.പി. ജയ്ഷ, ജിൻസൻ ജോൺസൻ, ടി. ഗോപി, കുഞ്ഞുമുഹമ്മദ് (2016), എം. ശ്രീശങ്കർ, എം.പി. ജാബിർ, അമോജ് ജേക്കബ്, നോവ നിർമൽ ടോം, അലക്സ് ആന്റണി (2020).

പാരീസ് ഒളിമ്പികിൽ ഇന്ത്യൻ ടീമിൽ സ്ഥാനം നേടിയവർ. പി.ആർ. ശ്രീജേഷ് (ഹോക്കി), എച്ച്.എസ്. പ്രണോയ് (ബാഡ്മിന്റൻ), അബ്ദുള്ള അബൂബക്കർ, മുഹമ്മദ് അനസ് യഹിയ, മുഹമ്മദ് അജ്മൽ, അമോജ് ജേക്കബ്, മിജോ ചാക്കോ കുര്യൻ (അത്‌ലറ്റിക്സ്).

പി.ആർ. ശ്രീജേഷിന് ഇതു നാലാം ഒളിമ്പിക്സാണ്. നേരത്തേ (2012, 16, 20). ടോക്കിയോയിൽ ഇന്ത്യ വെങ്കലം നേടുകയും ചെയ്തു. 1972 ൽ മാനുവൽ ഫ്രെഡറിക്സ് അംഗമായ ഹോക്കി ടീമും വെങ്കലം നേടിയിരുന്നു. ഷൈനി വിൽസൻമാത്രമാണ് കേരളത്തിൽനിന്ന് നാല് ഒളിമ്പിക്സിൽ പങ്കെടുക്കുന്നത് (1984, 88, 92, 96). രഞ്ജിത് മഹേശ്വരിയും (2008, 12, 16) പി.ടി.ഉഷയും (1980, 84,88) കെ.എം. ബീനാമോളും (1996, 2000, 2004) മൂന്ന് ഒളിമ്പിക്സിൽ പങ്കെടുത്തു. ■



നോവൽ 5

# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. ഇരുപതുവർഷം മുമ്പ് സിസിലിയുടെ കുടുംബം വീടും സ്ഥലവും വിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് അവർ തമ്മിൽ ബന്ധമൊന്നുമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ സൂസമ്മയും ജയേഷും കാറിൽ ഹൈറേഞ്ചിലേക്കു പോയി. കുറുക്കൻകുന്ന് എന്ന ഗ്രാമത്തിലാണ് സിസിലിയും കുടുംബവും താമസിച്ചിരുന്നത്. ഭർത്താവ് തോമസിനെ എട്ടുവർഷം മുമ്പ് ആനചവിട്ടിക്കൊന്നു എന്ന സത്യം അവിടെ ചെന്നപ്പോൾമാത്രമാണ് സൂസമ്മ അറിഞ്ഞത്. പിന്നീട് സിസിലിയുടെ ജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിനു നന്നേ ഇഷ്ടമായി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് കാലിനു സ്വാധീനക്കുറവു വന്നതിനാൽ മുടന്തിയാണ് എൽസ നടന്നിരുന്നത്. അതുകൊണ്ട് അവൾക്കു വിവാഹമൊന്നും ഒത്തുവന്നില്ല. സർജറി നടത്തി മുടന്തു മാറ്റാൻ ഒരുപാട് പണം വേണ്ടിയിരുന്നതിനാൽ സിസിലി അതിനു തുനിഞ്ഞില്ല. പണം കൊടുത്തു സഹായിക്കണമെന്ന് മടക്കയാത്രയിൽ സൂസമ്മയും ജയേഷും തീരുമാനിച്ചു. ജയേഷിന്റെ കല്യാണം നടന്നു. സിസിലിയും എൽസയും പങ്കെടുത്തു. എൽസയുടെ കല്യാണം നടക്കാത്തതിൽ സിസിലി ദുഃഖിതയായി.

(തുടർന്നു വായിക്കുക)

**ജ**യേഷ് കുളിച്ചു ഫ്രഷായി വന്നപ്പോഴേക്കും വർഷ കട്ടിലിൽ ഇരിപ്പുണ്ടായിരുന്നു. ജയേഷിനെ കണ്ടതും അവൾ എണീറ്റു.

“ഇരിക്ക് ഇരിക്ക്. എണീക്കുവൊന്നും വേണ്ട. പഴയ കാലമൊന്നുമല്ല ഇത്. നമ്മൾ രണ്ടുപേരും തുല്യരാ. ഭർത്താവ് ഭാര്യയെക്കാൾ മുകളിലാന്ന വിചാരമൊന്നും എനിക്കില്ല.” ജയേഷ് വർഷയെ പിടിച്ചു കട്ടിലിൽ ഇരുത്തി. ഒപ്പം ഇരുന്നിട്ട് തുടർന്നു:

“ഇന്നുമുതൽ പുതിയൊരു ജീവിതം തുടങ്ങ്വാ നമ്മള്. എന്റെ ഇഷ്ടങ്ങളും വർഷയുടെ ഇഷ്ടങ്ങളും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ടാകും. പല കാര്യത്തിലും അങ്ങോട്ടുമിങ്ങോട്ടും വിട്ടുവീഴ്ച ചെയ്യേണ്ടിവരും.”

“ഇതൊക്കെ ഇപ്പം പ്രത്യേകിച്ചു പറയേണ്ട കാര്യമുണ്ടോ? എല്ലാം എനിക്കറിയാവുന്നതല്ലേ? കല്യാണം കഴിഞ്ഞാൽ ജീവിതത്തിനു ചില മാറ്റം വരുത്തണമന്ന് എനിക്കറിയാം.”

“വർഷ മുമ്പ് എങ്ങനെയായിരുന്നെന്നോ, സ്വഭാവം എന്തായിരുന്നെന്നോ ഒന്നും ഞാൻ തിരക്കിയിട്ടില്ല. ഇനി അതറിയാനും ആഗ്രഹമില്ല. പക്ഷേ, ഇനിയുള്ള ജീവിതത്തിൽ എന്റെയും അമ്മയുടെയും പപ്പയുടെയുമൊക്കെ ഇഷ്ടംകൂടി നോക്കി വേണം മുമ്പോട്ടുപോകാൻ. പലതും കണ്ടും കേട്ടുമില്ലെന്നു വയ്ക്കേണ്ടി വരും.”

“ഇപ്പം ഇതൊക്കെ പറയേണ്ട കാര്യമെന്താ? ഫസ്റ്റ് നൈറ്റിന്റെ ആ ത്രിൽ കളയേണ്ട. നമുക്കു വേറെന്തെങ്കിലും സംസാരിക്കാം.”

വർഷ ആ സംഭാഷണത്തിന് അവിടെ തടയിട്ടു. ലൈറ്റ് ഓഫ് ചെയ്തിട്ട് ജയേഷ് കിടക്കയിലേക്കു ചാഞ്ഞു.

പുലർച്ചെ എണീറ്റു കുളിച്ചു ഫ്രഷായി. കുളി കഴിഞ്ഞു വന്നു നോക്കിയപ്പോൾ ജയേഷ് നല്ല ഉറക്കം. ഉറങ്ങട്ടെ. രാത്രി വൈകിയല്ലേ ഉറങ്ങിയത്. ശബ്ദമുണ്ടാക്കാതെ വാതിൽ തുറന്ന് അവൾ താഴേക്കു ചെന്നു. അടുക്കളയിൽ ചായയ്ക്കു വെള്ളം തിളപ്പിക്കുകയായിരുന്നു സൂസമ്മ. വർഷ സഹായിക്കാനെത്തി.


‘‘ഞാൻ ചായ എടുക്കാം അമ്മേ.”

“ആയിക്കോട്ടെ.”

സൂസമ്മ മറ്റു പണിയിലേക്കു നീങ്ങി. വർഷ തിളച്ച വെള്ളത്തിലേക്കു പാലൊഴിച്ച് ചായപ്പൊടിയിട്ട് ഇളക്കി അരിച്ചെടുത്തു. കപ്പുകളിലേക്കു ചായ പകർന്ന് പഞ്ചസാരയിട്ടു. ഒരു കപ്പ് എടുത്ത് അവൾ അമ്മയ്ക്കു നീട്ടി. കുടിച്ചു നോക്കിയിട്ട് സൂസമ്മ പറഞ്ഞു:

“നന്നായിരിക്കുന്നു മോളേ. അടുക്കളപ്പണിയൊക്കെ പഠിച്ചിട്ടുണ്ട് അല്ലേ?”

“കുറച്ചൊക്കെ.”



‘‘ജയേഷിനു കൊണ്ടെ കൊടുക്ക്.”

ഒരു കപ്പ് ചായ എടുത്തുകൊണ്ടവൾ പടികൾ കയറി കിടപ്പുമുറിയിലേക്കു പോയി.

ജയേഷിനെ വിളിച്ചുണർത്തി ചായ കൊടുത്തു. ജയേഷ് ഒരു കവിൾ കുടിച്ചു.

“ഞാനുണ്ടാക്കിയതാ. എങ്ങനുണ്ട്.”

“സൂപ്പർ.”

“അമ്മയ്ക്കും ഇഷ്ടപ്പെട്ടു.”

‘‘അപ്പം അമ്മയെ വന്നതേ കയ്യിലെടുത്തു, അല്ലേ?”

“ഉം.”

ഈ സമയം വർഷയുടെ ഫോൺ ശബ്ദിച്ചു. എടുത്തു നോക്കിയപ്പോൾ വീട്ടിൽനിന്ന് അമ്മയാണ്. ക്ഷേമാന്വേഷണത്തിനുശേഷം കോൾ കട്ട് ചെയ്തു ഫോൺ മേശപ്പുറത്തേക്കു വച്ചിട്ട് വർഷ പറഞ്ഞു:

“ഉച്ചയ്ക്കുമുമ്പേ നമ്മളോട് അങ്ങോട്ടു ചെല്ലണമെന്ന്. പപ്പേടെ സുഹൃത്തുക്കൾക്ക് ഇന്നു വൈകിട്ട് ഒരു പാർട്ടി അറേഞ്ചു ചെയ്തിട്ടുണ്ട് പപ്പാ. ബ്രേക്ക് ഫാസ്റ്റ് കഴിച്ചിട്ട് ഉടനെ പോകാം.”

“ഉം.”

ജയേഷ് എണീറ്റുപോയി കുളിച്ചു. എട്ടരയായപ്പോഴേക്കും ബ്രേക്ക് ഫാസ്റ്റ് റെഡി. അപ്പവും മുട്ടക്കറിയുമായിരുന്നു ബ്രേക്ക് ഫാസ്റ്റിന്. എല്ലാവരും ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിച്ചത്. ഭക്ഷണം കഴിഞ്ഞ് കൈകഴുകിയിട്ട് ജയേഷും വർഷയും മുറിയിലേക്കു പോയി.

“വില കൂടിയ നല്ല ഡ്രസിട്ടു ചെല്ലണമെന്ന് അമ്മ പറഞ്ഞിട്ടുണ്ട്. വൈകിട്ട് ഒരുപാട് ഫ്രണ്ട്സ് വരുന്നതാണേ.”

ജയേഷ് ഒന്നും മിണ്ടിയില്ല. അവനുള്ള പാന്റ്സും ഷർട്ടും വർഷയാണ് സെലക്ട് ചെയ്തത്. മോഡേൺ വേഷത്തിൽ വർഷയും അണിഞ്ഞൊരുങ്ങി. മുടി ചീകി പടർത്തിയിട്ട്, മുഖത്തു പൗഡറും ചുണ്ടിൽ ലിപ്സ്റ്റിക്കുമിട്ട് ജയേഷിന്റെ മുമ്പിൽവന്നു നിന്നിട്ട് അവൾ ചോദിച്ചു:

“എങ്ങനുണ്ട്?”

“ഇത്തിരി സെക്സിയായിപ്പോയി. അമ്മയ്ക്കിതൊന്നും ഇഷ്ടമാവില്ല.”

‘‘ഓ... പിന്നേ. അമ്മേടെ ഇഷ്ടംമാത്രം നോക്കി ജീവിക്കാൻ പറ്റുമോ? ഇപ്പഴത്തെ ട്രെൻഡിന് അനുസരിച്ചുവേണം നമ്മളും ജീവിക്കാൻ.”

ജയേഷ് ഒന്നും മിണ്ടിയില്ല. വേഷം മാറിയിട്ട് രണ്ടുപേരും താഴേക്ക് ഇറങ്ങിച്ചെന്നു. ഒറ്റനോട്ടത്തിൽ സൂസമ്മയ്ക്ക് വർഷയുടെ വസ്ത്രധാരണം ഇഷ്ടപ്പെട്ടില്ല. എങ്കിലും മുഖത്ത് ആ ഇഷ്ടക്കേട് പ്രകടിപ്പിച്ചില്ല. സാവധാനം എല്ലാം പറഞ്ഞു മനസ്സിലാക്കി നേരെയാക്കാമെന്ന് അവർ ചിന്തിച്ചു. നല്ല സ്നേഹമുള്ള പെണ്ണാണല്ലോ. താൻ പറഞ്ഞാൽ കേൾക്കും.

“പോട്ടെ അമ്മേ...?”

അമ്മയുടെ കരം പിടിച്ചു വർഷ യാത്ര ചോദിച്ചു.

“ഉം.” നാളെയിങ്ങു വരില്ലേ?”

“വരും.... അമ്മേ...”

കെട്ടിപ്പിടിച്ച് ഒരു മുത്തം നൽകിയിട്ടാണ് വർഷ വെളിയിലേക്കിറങ്ങിയത്. എത്ര നല്ല മരുമകൾ എന്നോർത്തു സൂസമ്മ. സ്വന്തം മകൾക്കുപോലുമില്ല ഇത്രയും സ്നേഹം.

രണ്ടുപേരും കാറിൽ കയറുന്നതും കാർ സ്റ്റാർട്ടായി ഗേറ്റു കടന്നു പോകുന്നതും സൂസമ്മ സിറ്റൗട്ടിൽ സാകൂതം നോക്കി നിന്നു.

ഏറ്റുമാനൂരാണ് വർഷയുടെ വീട്. പിതാവ് അലക്സിന്, വീടും ഷോപ്പിങ് കോപ്ലക്സുമൊക്കെ പണിതു കൊടുക്കുന്ന കോൺട്രാക്റ്റ് വർക്കാണ്. അമ്മ ഷൈനി ബ്യൂട്ടീഷ്യനാണ്. ഒരനിയത്തിയുണ്ട്. ലിയ. അവൾ ബി ടെക്കിനു പഠിക്കുന്നു.

ഉച്ചയ്ക്കുമുമ്പേ ജയേഷിന്റെ കാർ അലക്സിന്റെ വീട്ടിലെത്തി. അലക്സും ഭാര്യ ഷൈനിയും കാത്തിരിക്കുകയായിരുന്നു. രണ്ടുപേരും ഇറങ്ങി വന്ന് ജയേഷിന്റെ കൈപിടിച്ച് അകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

ഉച്ചയൂണിന് ഒരുപാട് വിഭവങ്ങൾ ഉണ്ടായിരുന്നു. ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ അലക്സ് പറഞ്ഞു:

“വൈകിട്ട് എന്റ ചില സുഹൃത്തുക്കൾ വരും. കല്യാണത്തിനു വരാൻ പറ്റാതിരുന്നവരാ. എന്റെ ബിസിനസ് പാർട്ണേഴ്സും കസ്റ്റമേഴ്സുമൊക്കെയാ. വല്യവല്യ ആൾക്കാരാ. രണ്ടുപേരും നന്നായി ഡ്രസ് ധരിച്ച് ടിപ്ടോപ്പിലിരുന്നേക്കണം.”

ആജ്ഞപോലെയായിരുന്നു അലക്സിന്റെ സംസാരം. ജയേഷിന് അത് ഒട്ടും ഇഷ്ടമായില്ല. എങ്കിലും തിരിച്ചൊന്നും പറഞ്ഞില്ല. അലക്സിന് ഇത്തിരി തലക്കനം കൂടുതലാണെന്നു തോന്നി. സ്വത്തു കൂടുതലുണ്ടെന്നുള്ള അഹങ്കാരമായിരിക്കും.

ഊണുകഴിഞ്ഞു വർഷ ജയേഷിനെ വിളിച്ചുകൊണ്ട് മുകളിലത്തെ നിലയിലെ കിടപ്പുമുറിയിലേക്കു പോയി. വാതിലടച്ച് തഴുതിട്ടിട്ട് ജയേഷ് തിരിഞ്ഞു വർഷയോടു പറഞ്ഞു:

“നിന്റെ പപ്പേടെ സംസാരം കേട്ടായിരുന്നോ? വൈകിട്ട് വിഐപികള് വരുമ്പം നന്നായിട്ട് ഡ്രസ് ധരിച്ചു ടിപ്ടോപ്പായി നിന്നേക്കണമെന്ന്. ഞാനെന്താ ഇവിടെ തുണിയില്ലാതെയാണോ നിൽക്കുന്നത്!”

“പപ്പ അങ്ങനല്ല ഉദ്ദേശിച്ചത്. ഇത്തിരി വിലകൂടിയ ഡ്രസൊക്കെ ധരിച്ച് പൗഡറൊക്കെ ഇട്ട് സെന്റും പൂശി നിക്കണോന്നേ ഉദ്ദേശിച്ചുള്ളൂ. അതെന്നോടും കൂടിയാ പറഞ്ഞത്. നമ്മളു മോശമായിട്ടു നിന്നാൽ പപ്പയ്ക്കല്ലേ അതിന്റെ നാണക്കേട്?”

“നിന്റെ പപ്പയ്ക്കിത്തിരി തലക്കനം കൂടുതലാ. സംസാരത്തിൽ അതറിയാം.”

‘‘പപ്പ അങ്ങനാ. അതു ജന്മനാ ഒള്ള സ്വഭാവമാ. എന്നോടും അങ്ങനാ. അതു കാര്യായിട്ടെടുക്കണ്ട. ദേ... നല്ലൊരു ദിവസായിട്ട് മൂഡോഫ് ആകണ്ട. സന്തോഷായിട്ടിരിക്ക്. പപ്പയോടു ഞാൻ പറഞ്ഞോളാം.”

വർഷ അടുത്തുവന്നിരുന്ന് ചേർത്തുപിടിച്ച് ഒരു മുത്തം നൽകി. ആ സ്നേഹചുംബനത്തിൽ ജയേഷിന്റെ ദേഷ്യം അലിഞ്ഞില്ലാതെയായി. രണ്ടുപേരും ചേർന്നുകിടന്ന് കുശലം പറഞ്ഞ് ഉറങ്ങി.

നാലരയ്ക്ക് എണീറ്റ് ചായ കഴിച്ചു. പിന്നെ പോയി കുളിച്ചു. കുളി കഴിഞ്ഞു വന്നു ഡ്രസ് ധരിച്ചു. പപ്പയുടെ ആഗ്രഹത്തിനൊത്തവിധം വേഷം ധരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു വർഷ. ജയേഷിനെ ധരിപ്പിക്കാനും മറന്നില്ല.

ആറുമണിയായപ്പോൾ അതിഥികൾ ഓരോരുത്തരായി എത്തിത്തുടങ്ങി. ഫാമിലിയായിട്ടായിരുന്നു മിക്കവരും വന്നത്. വന്നവരെല്ലാം നവദമ്പതികൾക്ക് ഹസ്തദാനം നൽകി വിവാഹാശംസകൾ നേർന്നു. ഏഴുമണിയായപ്പോഴേക്കും ഫുഡ് കൗണ്ടർ ഓപ്പൺ ചെയ്തു. വീടിന്റെ മട്ടുപ്പാവിലായിരുന്നു ഭക്ഷണം. ചിരിയും തമാശകളുമായി ശബ്ദമുഖരിതമായിരുന്നു മട്ടുപ്പാവ്.

മട്ടുപ്പാവിന്റെ ഒരു കോണിൽ മദ്യക്കുപ്പികളും ബിയർ കുപ്പികളും പൊട്ടി. വന്നവരെല്ലാം ഗ്ലാസിൽ പകർന്നു വച്ചിരിക്കുന്ന മദ്യമെടുത്തു കുടിക്കുന്നതു ജയേഷ് കൗതുകത്തോടെ നോക്കിനിന്നു. ഒളിയും മറയുമില്ലാതെ സ്ത്രീകളും അതെടുത്തു കുടിക്കുന്നുണ്ടായിരുന്നു. മദ്യം അകത്തുചെന്നപ്പോൾ പലരുടെയും സംസാരം ഉച്ചത്തിലായി. വാക്കുകൾ കുഴഞ്ഞു. ജയേഷിന് അരോചകമായി തോന്നി അവരുടെ പരിചയപ്പെടലും സ്നേഹപ്രകടനവും.

വർഷ ഓടിനടന്ന് എല്ലാവരോടും കുശലം പറയുകയായിരുന്നു. തെല്ലു കഴിഞ്ഞപ്പോൾ ഒരു ഗ്ലാസിൽ മദ്യവുമായി അവൾ ജയേഷിന്റെ അടുക്കൽ വന്നു.

*ശേഷം 14-ാം പേജിൽ*

# അച്ചനുറങ്ങാത്ത ഹോസ്റ്റൽ



ജോർജ് പുല്ലാട്ട്

**വൈ**ദികർ നടത്തുന്ന എഞ്ചിനീയറിങ് കോളജിൽ അഡ്മിഷനെടുക്കാൻ എത്തിയ കുട്ടിയോടും മാതാപിതാക്കളോടുമായി പ്രിൻസിപ്പലച്ചൻ പറഞ്ഞു: "ഈ ബുക്‌ലെറ്റ് നിങ്ങൾ ഒന്നു വായിച്ചുനോക്കിയിട്ട് ഒപ്പിട്ടുതരണം. കോളജിലും ഹോസ്റ്റലിലും പാലിക്കേണ്ട കുറച്ചു നിയമങ്ങളാണ്."

"ഓ... അതു വായിക്കേണ്ട കാര്യമൊന്നുമില്ലച്ചോ.. പതിവുള്ള കാര്യങ്ങളല്ലേ. ഇപ്പത്തന്നെ ഒപ്പിട്ടുതരാല്ലോ." പിതാവു പറഞ്ഞു.

"അതു പോരാ ചേട്ടാ. നിങ്ങൾ പുറത്തുപോയിരുന്നു വായിച്ചിട്ട് ഒപ്പിട്ടാൽ മതി."

"ഓ, അത്രയ്ക്കു സീരിയസ് ആണോ.. എന്നാപ്പിന്നെ അങ്ങനെയാവട്ടെ അച്ചാ."

കൊടുത്ത രണ്ടു കോപ്പികളിൽ ഒന്നിൽ അവർ ഒപ്പിട്ടു കൊടുത്തു. ഒന്ന് അവർക്കാണ്.

അഡ്മിഷനു വന്ന എല്ലാവർക്കും ഇതേ ബുക്കു കൊടുത്തു, പ്രിൻസിപ്പൽ എല്ലാവരോടും ഏതാണ്ട് ഇതേ വാക്കുകൾ പറഞ്ഞു.

എല്ലാവരും കാര്യമായിത്തന്നെ വായിച്ചു, ഒപ്പിട്ടു കൊടുത്ത് ചടങ്ങുകൾ പൂർത്തിയാക്കി.

*** *** ***

രണ്ടാഴ്ച കഴിഞ്ഞ് കോളജ് തുറന്നു. മാതാപിതാക്കളോടൊപ്പം കുട്ടികളെത്തി. മുതിർന്ന ബാച്ചുകളിലെ വിദ്യാർഥികൾ കവാടത്തിൽനിന്ന് ഓരോ റോസപ്പൂ കൊടുത്ത് അവരെ വരവേറ്റു.

പ്രിൻസിപ്പലും വകുപ്പുതലവന്മാരും ഹോസ്റ്റൽ വാർഡന്മാരും വേദിയിലുണ്ട്. കുട്ടികളും രക്ഷിതാക്കളും ഹാളിൽ നിറഞ്ഞു.

പ്രാർഥനാഗാനം, യൂണിയൻ ചെയർമാന്റെ ഔദ്യോഗികസ്വാഗതപ്രസംഗം എന്നിവയ്ക്കുശേഷം പ്രിൻസിപ്പലച്ചൻ മൈക്ക് എടുത്തു. അദ്ദേഹം പറഞ്ഞു:

"കേരളത്തിലെ ഏറ്റവും നല്ല കോളജുകളിലൊന്ന് എന്ന് ഏവരും അംഗീകരിച്ചിരിക്കുന്ന ഈ കലാലയത്തിന്റെ സുന്ദരവും സുരക്ഷിതവുമായ അന്തരീക്ഷത്തിലേക്ക് ഏറ്റവും സ്നേഹത്തോടെ നിങ്ങളെ സ്വാഗതം ചെയ്യുന്നു. നല്ലൊരു ഭാവി ലക്ഷ്യമാക്കിയാണ് നിങ്ങൾ ഏറ്റവും നല്ലതെന്നു നിങ്ങൾക്കു തോന്നിയ ഈ കോളേജ് തിരഞ്ഞെടുത്തിരിക്കുന്നത്."

പാടത്തിനക്കരെനിന്നു പതിയെ സ്വരം കേൾപ്പിച്ചു തുടങ്ങിയും, പിന്നെ റബ്ബർത്തോട്ടത്തെ കുലുക്കിമറിച്ചും ഇരമ്പിയാർത്തു പെയ്യുന്ന മഴപോലെ സദസ്സിൽനിന്ന് ഒരു കയ്യടിമേളം ഉയർന്നുപടർന്നു തിരയടിച്ചൊടുങ്ങി, പതിയെ അതു വന്നവഴിയേ തിരികെപ്പോയി.

അദ്ദേഹം തുടർന്നു: "ഈ കോളജിൽ രണ്ടു കാര്യങ്ങൾ അനുവദിച്ചിട്ടില്ല. സർക്കാരും കോടതിയും വിലക്കിയിട്ടുള്ള കാര്യങ്ങൾതന്നെയാണ്. രാഷ്ട്രീയവും റാഗിങ്ങും. അതു സംബന്ധിച്ച നിയമങ്ങളും നടപടികളും ഇപ്പോൾ നിങ്ങൾ ഒപ്പിട്ടുതന്ന ബുക്‌ലെറ്റിലുണ്ട്. കോപ്പി നിങ്ങളുടെ കൈയിലുമുണ്ട്. അതു രണ്ടുമൊഴികെ നിങ്ങളുടെ ഏറ്റവും മികച്ച വിദ്യാഭ്യാസത്തിനും വ്യക്തിത്വവികസനത്തിനും വേണ്ടതെല്ലാം ഇവിടെയുണ്ട്. അവയെല്ലാം ഏറ്റവും നന്നായി ഉപയോഗപ്പെടുത്താനുള്ള അവസരങ്ങളും സ്വാതന്ത്ര്യവും നിങ്ങൾക്കുണ്ട്.

"പക്ഷേ, വളരെ പെട്ടെന്ന് നിങ്ങൾ അതു മറക്കാൻ ഇടയുണ്ട്. കാരണം, കൂടുതുറന്നുവിട്ട പക്ഷികളെപ്പോലെയാണ് നിങ്ങൾ. ഇത്രയും കാലം നിങ്ങൾ മാതാപിതാക്കളുടെ നേരിട്ടുള്ള നോട്ടത്തിലായിരുന്നു. അവിടെ നിങ്ങൾക്കു വേണ്ടത്ര സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ലെന്നും ഇവിടെ എന്തിനും സ്വാതന്ത്ര്യമുണ്ടെന്നും തോന്നുമ്പോൾ ചിന്തകളും പ്രവൃത്തികളും ജീവിതം തന്നെയും പാളം തെറ്റാനിടയുണ്ട്. അതു സ്വാഭാവികമാണ്. പക്ഷേ, അങ്ങനെ തെറ്റിപ്പോകുന്നത് അപകടമാണ്. ആ അപകടം ഒഴിവാക്കേണ്ടത് നിങ്ങളുടെ ഉത്തരവാദിത്വമാണ്, ഞങ്ങളുടെയും ഉത്തരവാദിത്വമാണ്.

"ഇത്രയും കാലം നിങ്ങൾക്കു വേണ്ടതെല്ലാം തന്നും ഒത്തിരി സ്നേഹിച്ചും പ്രതീക്ഷകളോടെയും നിങ്ങളെ വളർത്തിയ മാതാപിതാക്കൾക്കും ഈ കാലമെല്ലാം നിങ്ങളെ പഠിപ്പിച്ച ഗുരുക്കന്മാർക്കും കൊടുക്കാൻ നിങ്ങൾക്കു കഴിയുന്ന ഏറ്റവും നല്ല സമ്മാനം നിങ്ങളെപ്പറ്റി സന്തോഷിക്കാനും അഭിമാനിക്കാനും അവസരങ്ങൾ ഉണ്ടാക്കുക എന്നതാണ്.

"ഇവിടെ രണ്ടു കാര്യങ്ങൾ പൂർണമായും നിരോധിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞല്ലോ. രാഷ്ട്രീയവും റാഗിങ്ങും. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയുമുണ്ടാകില്ല. രാഷ്ട്രീയത്തിനുള്ള ഒരു പരിശീലനക്കളരിയല്ല ഈ കലാലയം.

"തങ്ങളെക്കാൾ ചെറിയവരെയും എളിയവരെയും ദുർബലരെയും ഏതെങ്കിലുമൊക്കെ രീതിയിൽ വേദനിപ്പിച്ചു രസിക്കുന്ന നിന്ദ്യവും കിരാതവും ക്രൂരവും നിയമവിരുദ്ധവുമായ നടപടിയാണ് റാഗിങ്. ഈ കോളജിൽ ആരും നിങ്ങളെ റാഗ് ചെയ്യില്ല എന്നു ഞാൻ ഉറപ്പു തരുന്നു. വരുംവർഷങ്ങളിൽ നിങ്ങളും ആരെയും റാഗ് ചെയ്യരുതെന്നു ഞാൻ സ്നേഹപൂർവം ഓർമിപ്പിക്കുന്നു.

"നിങ്ങളുടെ അനിയനോ അനിയത്തിയോ അടുത്ത വർഷം ഇവിടെ വന്നാൽ നിങ്ങൾ റാഗ് ചെയ്യുമോ? ചെയ്യില്ല എന്നുമാത്രമല്ല, മറ്റാരും അവനെ/അവളെ റാഗ് ചെയ്യാതിരിക്കാൻ നിങ്ങൾ കാവലും കരുതലുമായിരിക്കും.

"അതുപോലെ, ഇവിടെ വരുന്നവരെയൊക്കെ നിങ്ങളുടെ അനിയനും അനിയത്തിയുമായി കാണാൻ കഴിഞ്ഞാൽ ഇവിടത്തെ ജീവിതം സ്വന്തം വീട്ടിലേതുപോലെ സുന്ദരമായിരിക്കില്ലേ?"

ഒന്നു നിർത്തിയിട്ട് പ്രിൻസിപ്പൽ സദസ്സിലാകെ



കണ്ണോടിച്ചു. എല്ലാം സമ്മതിച്ചതുപോലെ തലകൾ മെല്ലെ കുലുങ്ങി.

അച്ചൻ പറഞ്ഞു: "പാടില്ല എന്നു പറയുന്ന കാര്യങ്ങൾ ചെയ്യാൻ, വിലക്കുകൾ ലംഘിക്കാൻ, വേലികൾ പൊളിക്കാനൊക്കെ ഒരു പ്രവണത മാനുഷികമാണ്. പ്രത്യേകിച്ച് നിങ്ങളെപ്പോലുള്ള ചെറുപ്പക്കാരിൽ. പക്ഷേ, ഇവിടെ പാടില്ല എന്നു പറഞ്ഞ രണ്ടു കാര്യങ്ങൾക്ക് യാതൊരു ഇളവുമില്ല എന്നു സ്നേഹത്തോടെ ഞാൻ ആവർത്തിക്കുന്നു. അഥവാ ആരെങ്കിലും ലംഘിച്ചാൽ അത് ഒരിക്കലേ സംഭവിക്കൂ. ഒറ്റയൊരു തവണ. അടുത്ത ദിവസം നിങ്ങൾ ഇവിടുന്ന് പുറത്തായിരിക്കും. കൂടാതെ, കുറ്റത്തിന്റെ ഗൗരവമനുസരിച്ചുള്ള നിയമനടപടി നേരിടേണ്ടിവരും. പഠനം അവസാനിക്കും. മറ്റു കോളജുകളിൽ ചേരാനും കഴിയാതെവരും. ചിലപ്പോൾ ജയിലിൽ പോകേണ്ടിവരും. നിങ്ങളുടെയും കുടുംബത്തിന്റെയും ഭാവിതന്നെ തകർന്നെന്നും വരാം. അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ.

"നല്ല മനുഷ്യരായി, നല്ല മനുഷ്യസ്നേഹികളായി, നല്ല നേതാക്കന്മാരായി, കുടുംബത്തിനും ഈ കോളജിനും നാടിനും അഭിമാനിക്കാൻതക്ക കേമന്മാരായി നിങ്ങൾ വളരുന്നതു കാണാൻ എല്ലാവർക്കും ഭാഗ്യമുണ്ടാകട്ടെ."

സദസ്സിന്റെ കരഘോഷം നീണ്ടുനിന്നു.

*** *** ***

വിദ്യ ഒഴികെയുള്ള സർവ 'ആഭാസങ്ങളുടെയും' കൂത്തരങ്ങാണ് മിക്ക കോളജുകളും. ജീവിതമെന്ന നാടകവേദിയിൽ ഏതു വേഷവും കെട്ടി നന്മയുള്ള മികച്ച വ്യക്തികളായി ജീവിക്കാനുള്ള പരിശീലനം നൽകേണ്ട ഇടങ്ങൾ ഗുണ്ടകളെയും കുറ്റവാളികളെയും പോറ്റുന്ന ഇടമായി മാറുന്നത് എന്തുകൊണ്ടാണ്?

ഒന്നാമത്തെ കുറ്റവാളി വിവരംകെട്ട രാഷ്ട്രീയ നേതൃത്വംതന്നെ.

ചുരുക്കംചില കോളജുകളെ മാതൃകാകലാലയങ്ങളാക്കി നിലനിർത്താൻ സാധിക്കുന്നത് എല്ലാ കോളജുകൾക്കും ബാധകമായ നിയമത്തിന്റെ ബലത്തിൽത്തന്നെയാണ്. പക്ഷേ, സർക്കാർകോളജുകളിൽ അതു പരാജയപ്പെടുന്നത് എന്തുകൊണ്ടാണ്? നിയമത്തെ വകവയ്ക്കാത്ത രാഷ്ട്രീയാതിപ്രസരംകൊണ്ടുതന്നെ!

*** *** ***

കോളജുകളിലെ പഠനത്തെയും കുട്ടികളുടെ ജീവിതത്തെയും നരകതുല്യമാക്കിയത് റാഗിങ്ങാണ്. ആവശ്യത്തിലേറെ ചർച്ച ചെയ്യപ്പെട്ടിട്ടും ആ പ്രാകൃതവിനോദം പൂർണമായി അവസാനിപ്പിക്കാൻ എല്ലാ നിയമസംവിധാനങ്ങളുമുണ്ടായിട്ടും സാധിക്കാത്തത് വഴിവിട്ട വഴികളിലൂടെ അവിടെയൊക്കെ കയറിപ്പറ്റിയ രാഷ്ട്രീയക്കോമരങ്ങൾ കാരണമാണ്.

ആ നിയമത്തിലെ ഏതാനും വകുപ്പുകൾ ഇങ്ങനെയാണ്:

1. ഒരു ജൂനിയർ വിദ്യാർഥിക്ക് ശാരീരികമോ മാനസികമോ ആയ പരിക്കോ വേദനയോ വിഷമമോ ഉണ്ടാക്കുന്ന ഏതൊരു പ്രവൃത്തിയും കുറ്റകരവും ശിക്ഷാർഹവുമാണ്.
2. ഇപ്രകാരമുള്ള ഏതെങ്കിലും പ്രവൃത്തിമൂലം വിഷമിക്കുന്ന ഏതൊരാൾക്കും ഉടനടി പരാതി കൊടുക്കാനുള്ള അവസരവും അത് അപ്പോൾത്തന്നെ പരിഹരിക്കാനുള്ള നടപടികളും കോളേജുകളിൽ ഉണ്ടായിരിക്കണം, സ്ഥാപനത്തിനു അത് പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ ഇരയ്ക്കോ ബന്ധപ്പെട്ടവർക്കോ പൊലീസിൽ എഫ്.ഐ.ആർ. ഫയൽ ചെയ്യാവുന്നതാണ്.
3. ഇര അല്ലെങ്കിൽ ഇരയുടെ ബന്ധുക്കൾ പരാതി കൊടുത്തു എന്നുവച്ച് കുറ്റകരമായ ഒരു സംഭവം പൊലീസിൽ അറിയിക്കുന്നതിൽനിന്നു സ്ഥാപനത്തിന് ഒഴിഞ്ഞുനിൽക്കാൻ പറ്റില്ല.
4. ആർക്കും ഒരു ഗുണവും ചെയ്യാത്ത നിന്ദ്യമായ പ്രവൃത്തിയാണ് റാഗിങ്. വിദ്യർഥികളിലും മാതാപിതാക്കളിലും അധ്യാപകരിലും ഇതിനെപ്പറ്റി ബോധവത്കരണം നടത്തണം.

ഇങ്ങനെ നിരവധി വകുപ്പുകൾ ഉണ്ടായിട്ടും പല കോളജ് മേലധികാരികളും അവ നടപ്പാക്കുന്നതിൽ പരാജയപ്പെടുന്നു. അല്ലെങ്കിൽ കണ്ണടയ്ക്കുന്നു.

ഇത്രയൊക്കെ മുന്നറിയിപ്പുകളോടെ തുടക്കമിട്ടിട്ടും കോളജിന്റെ ഹോസ്റ്റലിൽ ചില കൊള്ളരുതായ്മകൾ പതിവായപ്പോൾ വാർഡനച്ചൻ അവരോടു പറഞ്ഞു: "ഇനിയിതു നടക്കില്ല."

അച്ചന് അവരോട് പലപ്പോഴും ആവർത്തിക്കേണ്ടിവന്നു, "ഇനിയിതു നടക്കില്ല, ഇനി ഞാൻ ഉറങ്ങില്ല."

കുട്ടികൾ ഹോസ്റ്റലിനു പേരിട്ടു: "അച്ചനുറങ്ങാത്ത ഹോസ്റ്റൽ."

■



*കെ.സി.എസ്.എൽ. സംസ്ഥാന - ചങ്ങനാശേരി അതിരൂപതാതല പ്രവർത്തനവർഷോദ്ഘാടനം ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, അതിരൂപത ഡയറക്ടർ ഫാ. ജോജോ പള്ളിച്ചിറ, ചങ്ങനാശേരി കോർപറേറ്റ് മാനേജർ ഫാ. മനോജ് കറുകയിൽ, സ്കൂൾ മാനേജർ ഫാ. ക്രിസ്റ്റോ നേര്യംപറമ്പിൽ, അതിരൂപത ചെയർപേഴ്സൺ മെറിൻ ബിജോയി, അതിരൂപത പ്രസിഡന്റ് റിൻസ് വർഗീസ്, സംസ്ഥാന ജനറൽ ഓർഗനൈസർ മനോജ് ചാക്കോ തുടങ്ങിയവർ സമീപം.*

Deepanalam Weekly
RNI No : 16998/68
Vol. 57 No. 19 Date of Publication 11 July 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

സ്വർണ്ണം വിൽക്കാൻ
ഏറ്റവും നല്ലത് നമ്മുടെ
അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

TONY VALLIALIL ACHAYANS GROUP
SINCE 2005

അച്ചായൻസ്
ഗോൾഡ് 916 HALLMARKED JEWELLERY

പാലാ | ഉഴവൂർ | കരിങ്കുന്നം

കോട്ടയം | ചങ്ങനാശ്ശേരി | ഏറ്റുമാനൂർ | എറണാകുളം | തൊടുപുഴ
ചിങ്ങവനം | സംക്രാന്തി | കടുത്തുരുത്തി | കടുവാക്കുളം | ചേർത്തല

Ph: 9072 388 172 | 8590 046 916

CASH FOR GOLD



23 ഷോറൂമുകൾ



KTS PRODUCTS
ഈ നാടിന്റെ ഉൽപ്പന്നം
Tasteit
ടേസ്റ്റിറ്റ്
ISO 9001-2015 Certified Company



അതേ രുചി...അതേ ഗുണം..
65 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം...
Customer Care No.
04822-262835
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ഫൈനാൻസിയേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ
ഫോൺ: 212269
100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com



● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org